# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 26 ഡിസംബർ 2022 ലക്കം 6

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ

മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

റവ. മോൺ. യൂജിൻ എച്ച്. പെരേര

***പത്രാധിപർ***

റവ.ഡോ.ലോറൻസ് കുലാസ്

***പത്രാധിപ സമിതി***

റവ. മോൺ. സി. ജോസഫ്

റവ. ഡോ. എഡിസൺ വൈ.എം.

റവ. ഡോ. ഡാർവിൻ പീറ്റർ

റവ. ഡോ. ഡൈസൺ വൈ.

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. ആഷ്ലിൻ ജോസ്

റവ. ഫാ. ഷാജിൻ ജോസ്

റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ

റവ. ഫാ. സന്തോഷ് കുമാർ

റവ. ഫാ. ഡാനിയേൽ ആർ.

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ് പ്രസ്സ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്

വെള്ളയമ്പലം, കവടിയാർ പി. ഒ.

തിരുവനന്തപുരം - 695 003

ഫോൺ : 0471 - 2724001

ഫാക്സ് : 0471 - 2725001

## താളുകളിൽ

- എഡിറ്റോറിയൽ
- ബിഷപ്സ് ഡയറി
- ചാൻസിലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ഇടയലേഖനം
- ബി.സി.സി.
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- കെ.സി.എസ്.എൽ.
- ഹെറിറ്റേജ് കമ്മിഷൻ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# സന്മനസ്സുള്ളവർക്ക് "സമാധാനം"

"ആ പ്രദേശത്തെ വയലുകളിൽ, ആടുമാടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോട് പറഞ്ഞു: ഭയപ്പെടേണ്ട. ഇതാ, സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു." (ലൂക്കാ 2:8-10)

യേശുവിന്റെ പിറവിത്തിരുനാളിന് മുന്നോടിയായ ആത്മ നിയന്ത്രണത്തിന്റെ കാത്തിരിപ്പുകാലം വന്നണഞ്ഞിരിക്കുന്നു. "നിങ്ങൾക്കായി ഒരു രക്ഷകൻ പിറക്കുന്നു" എന്ന സദ് വാർത്ത. ആദ്യം കേൾക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ, അക്കാലത്തെ സമൂഹം പൊതുവേ അവഗണിച്ചിരുന്ന ഇടയന്മാരായിരുന്നു.

യേശുവിന്റെ സമകാലിക സമൂഹത്തിൽ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായി പിന്നാക്കം നിന്നിരുന്നവരായിരുന്നു ഇടയഗണം. തീർത്തും ഇകഴ്ത്തപ്പെട്ട കീഴാളസമൂഹം പഴയ നിയമവ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുംപോലെ വിശ്വാസയോഗ്യരല്ലാത്തവരെന്ന് തള്ളിയകറ്റിയവർ; അശുദ്ധിയുള്ള മനുഷ്യർ. അവർ സമൂഹത്തിന്റെ അരികുകളിൽ കഴിഞ്ഞവർ. അടിസ്ഥാനമനുഷ്യാന്തസ്സ് നിഷേധിക്കപ്പെട്ടവർ... അവർക്കാണ് "സന്മനസ്സുള്ളവർക്കായുള്ള സമാധാനം" ദൂതൻ ആനന്ദത്തോടെയും നന്മയോടെയും ആശംസിക്കുന്നത്. സമൂഹത്തിൽ അധികാരം കൈയാളുന്നവരും വരേണ്യരും എന്നും തള്ളിക്കളഞ്ഞവരിലേക്കാണ് സദ്വാർത്ത വന്നെത്തുന്നത്.

ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനമനുസരിച്ച്, അരികിലാക്കപ്പെട്ടവരോട്, നിലനില്പ്പോലും അപായപ്പെട്ടവരോട് ചേർന്നു നില്ക്കാനും അവർക്കൊപ്പം ആയിരിക്കാനും ആഗോളക്രൈസ്തവസഭ ഇന്ന് പ്രതിജ്ഞാബദ്ധമായിരിക്കുന്നു. അക്ഷരാർത്ഥത്തിൽ തിരുവനന്തപുരം അതിരൂപത ഈ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്.

ഇന്ന് കേരളതീരം അപകടവും അശാസ്ത്രീയവുമായ നയങ്ങളാൽ കടുത്ത ചൂഷണത്തിന്, തീരശോഷണത്തിന് വിധേയമായിരിക്കുന്നു. കടൽ ആവാസ വ്യവസ്ഥയും തീരജീവിതങ്ങളും ആപത്ക്കരമായ ഒരന്ത്യത്തിലേക്ക് അതിവേഗം എത്തുകയാണ്. പാരി

സ്ഥിതികമായും തൊഴിൽപരമായും ജാതീയമായും ഇകഴ്ത്തപ്പെട്ട ഒരു സമൂഹം നീതിയ്ക്കായി പോരാടുകയാണ്... മാസങ്ങളായി..! എന്നിട്ടും തീർത്തും അവഗണിക്കപ്പെട്ടുകൊണ്ട്, അനുഭാവപൂർണ മായ സംവാദങ്ങൾക്കോ സമവായത്തിനോപോലുമുള്ള പഴുതുകൾ അടച്ചുകൊണ്ട് സംരക്ഷിക്കേണ്ടവർ തന്നെ അവരെ പരിഹസിക്കു കയുകയും അവരുടെ സാന്നിധ്യത്തെ റദ്ദാക്കുകയും ചെയ്യുകയാ ണ്. അപവാദങ്ങളും വ്യാജോക്തികളും കൊണ്ട് അവരുടെ മനു ഷ്യാന്തസ്സിനെ തല്ലിക്കെടുത്തുകയാണ്.

നീതിയിലും അവകാശങ്ങളിലും ജാഗരൂകമാകുന്ന പൊതു സമൂഹം നേരറിയരുത് എന്ന് ആരൊക്കെയോ താത്പര്യപ്പെടുന്നു. ഉത്തരവാദപ്പെട്ട പദവികളിൽ എത്തപ്പെട്ടിരിക്കുന്ന ജനപ്രതിനിധി കൾപോലും കുറ്റകരമായ മൗനവും നിഷേധാത്മകമായ സമീപനവും സ്വീകരിക്കുന്നു. സത്യത്തെ ഭയപ്പെടുന്ന ഒരു സത്യാനന്തരകാലം... ജനാധിപത്യം ഉടഞ്ഞുവീഴുന്ന നാളുകൾ.

യേശുവിന്റെ കാലത്തെ ഇടയസമൂഹത്തെപ്പോലെ ഇന്ന് പരമ്പരാഗത കടൽത്തൊഴിലാളികളുടെ സമൂഹവും 'പുറജാതികൾ' ആയിത്തീർന്നിരിക്കുന്നു. അവരുടെ 'സമാധാന'മാണ് യേശുവിന്റെ പിറവിത്തിരുനാൾ വാഗ്ദാനം ചെയ്യുന്നത്. സമാധാനം എന്നാൽ അക്രമരാഹിത്യം എന്നല്ല, സമഗ്രമായ സുസ്ഥിതി എന്നാണ് അർത്ഥ മാക്കപ്പെടുന്നത്. ആരാണോ സന്മനസ്സോടെ പുലരുന്നത്, ആരാണോ ഭൂമിയെ അതിന്റെ സുരക്ഷാവലയമായ ആവാസവ്യവ സ്ഥയെ കടലിനെ, കാടിനെ, തെളിഞ്ഞ വായുവിനെ, വെള്ളത്തെ, ജൈവവൈവിധ്യത്തെ ചേർത്തുപിടിച്ച് സമഗ്രമായ അതിജീവന ത്തിനായി സമരം ചെയ്യുന്നത്, അവർക്കല്ലാതെ മറ്റാർക്കാണ് സന്മ നസ്സ് അവകാശമാകുന്നത്?

പിറവിത്തിരുനാൾ സർവജീവജാലങ്ങളോടും ആവശ്യം വേണ്ട കരുണയാണ് പ്രാർത്ഥിക്കുന്നത്. അതിനാൽത്തന്നെ ഈ സമരം അന്വർത്ഥമാകുന്നു. നന്ദിയോതിക്കൊണ്ട് പുതുവർഷത്തെ സ്വീകരിക്കാനുള്ള അപൂർവ അവസരം തീരജിവിതങ്ങൾക്ക് കൈവ രുമോ? ധാരണയുടെ, സമവായത്തിന്റെ എല്ലാ പഴുതുകളും കൊട്ടി യടയ്ക്കപ്പെടുമ്പോൾ ഈ സഹനസമരം ചരിത്രത്തിൽ പുതുരച നകൾ തീർക്കുമോ? അതോ അനിവാര്യമായ സാമൂഹികപരിവർത്ത നത്തിനായുള്ള വെല്ലുവിളി ഇനി വരുന്ന തലമുറകൾ ഏറ്റെടു ക്കുമോ?

**ഫാ. ലോറൻസ് കുലാസ്**

# CHANCERY BULLETIN

## (Latin Archdiocese of Trivandrum)

## DECEMBER 2022

### A. APPOINTMENTS

1. Rev. Fr. Varghese Joseph - appointed Bursar of Marian Arts and Science College, Menamkulam, with effect from 01.11.2022.

### B. BIRTHDAYS

| | | |
|---|---|---|
| 1. | Rev. Fr. Joseph Elkin | 01.12.1971 |
| 2. | Rev. Fr. Christil Rozario | 01.12.1972 |
| 3. | Rev. Fr. Varghese Joseph | 02.12.1992 |
| 4. | Rev. Fr. Joseph Prasad | 09.12.1973 |
| 5. | Rev. Fr. Lucian Thomas | 12.12.1965 |
| 6. | Rev. Fr. Napolean Gomez IV Dei | 13.12.1962 |
| 7. | Rev. Fr. Lenin Raj | 13.12.1977 |
| 8. | Rev. Fr. Deejo Pathrose OFM Cap | 15.12.1985 |
| 9. | Rev. Fr. Daniel R. | 16.12.1988 |
| 10. | Rev. Fr. LabrinYesu R. | 20.12.1968 |
| 11. | Rev. Fr. Maria Jebin | 20.12.1990 |
| 12. | Rev. Fr. Jerold Savio | 23.12.1977 |
| 13. | Rev. Fr. Saju Roldon | 23.12.1979 |
| 14. | Rev. Fr. Martin Vithayathil CMF | 29.12.1977 |
| 15. | Rev. Fr. Soosai Antony | 31.12.1980 |

### C. ORDINATION DAYS

| | | |
|---|---|---|
| 01. | Rev. Fr. Gerard Silva | 18.12.1970 |
| 02. | Rev. Fr. Sylvester Morais | 18.12.1970 |
| 03. | Very Rev. Msgr. James Culas | 19.12.1974 |
| 04. | Rev. Dr. Augustine John | 19.12.1990 |
| 05. | Rev. Fr. Stephen M.T | 19.12.1990 |
| 06. | Rev. Fr. Wilfred V. | 19.12.1990 |
| 07. | Very Rev. Fr. Robinson F | 20.12.1985 |
| 08. | Rev. Fr. Romanse L. | 20.12.1971 |
| 09. | Rev. Fr. Joseph Pereira | 21.12.1969 |
| 10. | Very Rev. Dr. Hyacinth M. Nayakam | 21.12.1981 |

11. Rev. Dr. Charles Leon — 21.12.1985
12. Very Rev. Msgr. Wilfred E. — 21.12.1984
13. Very Rev. Msgr. Dr. C. Joseph — 22.12.1973
14. Rev. Fr. Pancretius A — 22.12.1980
15. Very Rev. Msgr. Dr. Nicholas T — 23.12.1986
16. Rev. Fr. Reji Kunnatheth SJ — 23.12.2004
17. Rev. Fr. Deejo Pathrose OFM Cap — 26.12.2016
18. Rev. Fr. Jerome Alphonse — 27.12.1994
19. Rev. Fr. Anto Dickson S. — 27.12.2000
20. Rev. Fr. Beed Manoj Amado — 27.12.2000
21. Rev. Fr. John Bosco J. — 27.12.2000
22. Very Rev. Fr. Justin Judin — 27.12.2000
23. Rev. Fr. Christal Rozario — 27.12.2000
24. Very Rev. Fr. Andrew Kosmos — 27.12.1994
25. Rev. Fr. Santhappan M — 27.12.1994
26. Rev. Fr. Stanislaus Theesmas — 27.12.1994
27. Rev. Dr. Sujan Amurutham — 27.12.1994
28. Rev. Fr. Suresh D. Antony — 27.12.1994
29. Rev.Fr. Johny Jackson.OCD — 27.12.2008
30. Rev. Fr. George Benziger V. CMF — 27.12.2009
31. Very Rev. Fr. Joseph Bastian — 28.12.1992
32. Rev. Dr.Yesudasan Mathias — 28.12.1992
33. Rev. Fr. Aldrin Joseph OFM Cap — 28.12.2006
34. Rev. Fr. Joseph James. OFM Cap — 28.12.2005
35. Rev. Fr. Sojan John Briton IC — 28.12.2021
36. Rev. Fr. Joseph Baskaran — 29.12.1996
37. Rev. Fr. Denson Joosai IV Dei — 29.12.2009
38. Rev. Fr. Davidson S — 30.12.1991
39. Rev. Fr. Johnson Alexander — 30.12.1991
40. Rev. Fr. Lazar Benedict — 30.12.1991

**D. DECEASED PRIESTS**

1. Rev. Fr. Aloysius Nazareth — 08.12.1976
2. Very Rev. Fr. John Koilparambil — 15.12.1960
3. Rev. Fr. Michael Ampudayan — 15.12.1971
4. Rev. Fr. Justine Peter — 16.12.2011

| | | |
|---|---|---|
| 5. | Rt.Rev. Msgr. Joseph M. | 20.12.2010 |
| 6. | Rev. Fr. Michael C. | 21.12.1990 |
| 7. | Rev. Fr. Richard D'cruz | 21.12.2017 |
| 8. | Rev. Fr. Jeremias D'Cruz | 22.12.1960 |
| 9. | Rev. Fr. Louis Roche | 26.12.2004 |
| 10. | Rev. Fr. Francis D'Silva | 26.12.2019 |
| 11. | Bishop Vincent V. Dereree | 29.12.1973 |
| 12. | Rev. Fr. Sebastian C. Pereira | 29.12.2019 |

**E. PERPETUAL DAY ADORATION**

| | | |
|---|---|---|
| 1. | St. Nicholas Church, C.M. Thurai | 06.12.2022 |
| 2. | Ursuline Convent, St. Andrews | 08.12.2022 |
| 3. | St. Thomas Acquinas Church, Kochuthura | 12.12.2022 |
| 4. | St. Thomas Church, Valiaveli | 19.12.2022 |

**F. ANNUAL STATISTICS**

As it is time to submit the Annual Statistics to the Holy See, kindly fill in the Data Sheet, which will be sent to you soon, giving the accurate information and send to the Archdiocesan Chancery by 30th December, 2022.

**SPECIAL DAYS TO REMEMBER**

*Kindly remember our Archbishop, Most Rev. Dr. Thomas J. Netto, in your prayers, especially in the Holy Mass, on 19th December, 2022, the Ordination Anniversary Day and on 29th December, 2022, his Birthday.*

*Kindly remember our Archbishop Emeritus, Most Rev. Dr. M. Soosa Pakiam, in your prayers, especially in the Holy Mass, on 20th December, 2022, the Ordination Anniversary Day*

*The Archdiocesan Curia will remain closed for Christmas Holidays from*
*Friday, 23rd December to Monday, 26th December, 2022.*

*With warm greetings to all:*
*Merry Christmas*
*and*
*Happy New Year*

**Fr. C. Joseph**
Chancellor

## Metropolitan Tribunal News of Latin Archdiocese of Trivandrum, 2022 November

| | | | |
|---|---|---|---|
| A. | 1. Petitions received in November | - | 007 |
| | 2. Petitions rejected in November | - | 000 |
| B. | 1. Petitions admitted as case in November | - | 007 |
| | 2. Cases on process in November | - | 072 |
| | Total | - | 079 |
| | | | === |

| | | | |
|---|---|---|---|
| C. | Decreed cases in November | - | 005 |
| D. | Reconciled cases | - | 000 |
| | Total | - | 005 |

Cases on process - 79-05=74

Fr. Paul G.
Notary

Fr. Jose G.
Judicial Vicar

---

## ARCHBISHOP'S DIARY – DECEMBER 2022

| DAY & TIME | | PROGRAMM |
|---|---|---|
| 03rd SAT | 05:30pm | Feast Mass, Pallom. |
| 04th SUN | 05:30pm | Feast Mass, St. Xavier's Valiathura. |
| 05th- 07th | | KCBC |
| 08th THU | 11:00am | Mass, Marion Villa Convent, Kumarapuram. |
| 09th FRI | 05:30pm | Chrismas Message, Nirmala Bhavan HSS, Kowdiar. |
| 10th SAT | 10:00am | F.C Seminar, Palayam. |
| | 05:00pm | Parish Hall Blessing, Anjengo. |
| 11th SUN | 05:30pm | Feast Mass, Nelliyode. |
| 13th TUE | 10:00am | Feast Mass, Eraimanthurai. |
| 16th FRI | 06:00pm | School Annual Day Celebration, Viswaprakash School. |
| 17th SAT | | Christmas Celebration |

| | | |
|---|---|---|
| 18th SUN | 11:00am | Thanks giving Mass, Pangod. |
| | 04:00pm | Church Blessing, Thycaud. |
| 19th-20th | | Presbyterium |
| 24th SAT | | Midnight Christmas Mass, Palayam. |
| 25th SUN | | CHRISTMAS |
| 26thMON | 03:30pm | Diaconate Ordination, Palayam. |
| 28th WED | 05:30pm | Feast Mass, Cheriyathura. |
| 30th FRI | 03:30pm | Centenary Celebration, Kattakkada. |

## AUXILIARY BISHOP'S DIARY –DECEMBER 2022

| DAY & TIME | | PROGRAMM |
|---|---|---|
| 02ndSAT | 10:00am | Meeting, TSSS. |
| 04thSUN | 10:00am | Feast Mass, St. Andrew's. |
| | 06:00pm | Feast Mass, Veli. |
| 05th- 07th | | KCBC |
| 09th FRI | 04:00pm | Shalom Gathering, Vattappara. |
| 10th SAT | 03:00pm | Catechist's Program, Palayam. |
| 05:00pm | | T.PeterAnusmaranaYogam, Veli. |
| 11th SUN | 03:30pm | Feast Mass, Ezhupunna, Alappy. |
| 18th SUN | 04:00pm | Church Blessing, Thycaud. |
| 19th MON | 04:00pm | Ordination, Karumkulam. |
| 19th-20th | | Presbyterium |
| 24th SAT | | Midnight Christmas Mass |
| 25th SUN | | CHRISTMAS |
| 26th MON | 04:00pm | Diaconate Ordination, Palayam. |
| 28thWED | 11:00am | Marriage Blessing. |

# ബി.സി.സി.
# അടിസ്ഥാന ക്രൈസ്തവ സമൂഹം

**അതിരൂപതാതലം**

നവംബർ 4-ാം തീയതി പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്ത ആനിമേറ്റേഴ്സിന് ചെയ്യേണ്ട കടമകളെ കുറിച്ചു ബോധവാന്മാരാകുന്നതിനും വളരെയേറെക്കാലം ആനിമേറ്റേഴ്സായി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച ശ്രീ. സെബാസ്റ്റ്യൻ, ശ്രീ. ഫ്രെഡറിക് എന്നിവർക്ക് യാത്ര അയപ്പ് നൽകുന്നതിനുവേണ്ടി ബി.സി.സി. ഓഫിസിൽ ഫാ. ഡാനിയേലിന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടി. മാർഗരേഖയിലും നിയമാവലിയിലും വന്ന മാറ്റങ്ങളെ കുറിച്ച് ഡാനിയേൽ അച്ചൻ സംസാരിച്ചു.

തുടർന്ന് ഇടവകകളിലും കൂട്ടായ്മകളിലും ആനിമേറ്റേഴ്സിന്റെ സാന്നിദ്ധ്യം എങ്ങനെ ആയിരിക്കണമെന്നതിനെക്കുറിച്ച് ഫാ. ക്രിസ്റ്റൽ റൊസാരിയോ ക്ലാസ് നൽകി. ക്ലാസുകൾക്ക് ശേഷം ശ്രീ. സെബാസ്റ്റ്യനും ശ്രീ. ഫ്രെഡറിക്കിനും സ്നേഹോപകാരം നൽകുകയും കുടുംബപ്രേഷിത ശുശ്രൂഷയുടെയും ബി.സി.സി.യുടെയും നാമത്തിൽ നന്ദിയർപ്പിച്ചു.

**പുതുക്കുറിച്ചി ഫെറോന**

ബി.സി.സി നവംബർ മാസത്തെ കമ്മീഷൻ യോഗം മരിയനാട് ഇടവകയിൽ വച്ച് നവംബർ 13-ാം തീയതി ബഹുമാനപ്പെട്ട വൈദിക കോർഡിനേറ്റർ രാജശേഖരൻ അച്ചന്റെ അധ്യക്ഷതയിൽ 4 മണിക്കു കൂടി. ഇതിൽ മരിയനാട് സഹവികാരി ബഹുമാനപ്പെട്ട ബാബു രാജ് അച്ചനും സന്നിഹിതനായിരുന്നു.

ഈ യോഗത്തിൽ പുതുക്കുറിച്ചി, മരിയനാട്, ശാന്തിപുരം, പുത്തൻതോപ്പ്, ഫാത്തിമാപുരം, സെന്റ്. ആൻഡ്രൂസ്, തുമ്പ എന്നീ ഇടവകകൾ സംബന്ധിക്കുകയും മരിയനാട് ഇടവക ഒഴികെയുള്ളവർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുമ്പ ഇടവക തിരുനാളിനോടനുബന്ധിച്ച് ഒരു ഭവനം നിർമ്മിച്ചു നൽകുന്ന ഭാഗമായി മൂലക്കല്ല് ആശീർവദിച്ചു. എല്ലാ ശനിയാഴ്ചകളിലും സാധന പാലിയേറ്റിവ് കെയറിൽ ഭക്ഷണം നൽകി വരുന്നു. ബഹുമാനപ്പെട്ട രാജശേഖരൻ അച്ചൻ നവംബർ- ഡിസംബർ മാസങ്ങളിൽ നടക്കാൻ പോകുന്ന ബി.സി.സി തിരഞ്ഞെടുപ്പിനേയും അതിനായുള്ള ഒരുക്കങ്ങളേയും പറ്റി വിവരിച്ചു. സഭാ വിശ്വാസത്തിൽ ജീവിക്കു

ന്നവരും സഭയോട് ചേർന്നു നിന്നുകൊണ്ട് ശുശ്രൂഷാ മനോഭാവത്തോടെ പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവർ ആയിരിക്കണം ശുശ്രൂഷയിലേയ്ക്ക് കടന്നുവരേണ്ടത് എന്നും അവിടെ വ്യക്തിപരമായ, രാഷ്ട്രീയപരമായ, കുടുംബപരമായ ഒരു നേട്ടവും താല്പര്യങ്ങളും ഉണ്ടാകാൻ പാടില്ല എന്നും ഊന്നി പറഞ്ഞു. തിരഞ്ഞെടുപ്പിന് മുന്നൊരുക്കമായി ഇടവകതലത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കേണ്ടത് ആവിശ്യമാണെന്നും അതിന് പ്രത്യേക മാർഗരേഖ ഇല്ല എന്നും പുതുക്കിയ അതിരൂപത അജപാലന സമിതി ബി.സി.സി മാർഗരേഖയും നവംബർ 16-ാം തീയതി മുതൽ അതിരൂപത ബി.സി.സി. ഓഫിസിൽ നിന്ന് ലഭ്യമാണെന്നും യോഗത്തിൽ അറിയിച്ചു.

**പേട്ട ഫെറോന**

പേട്ട ഫെറോന ബി.സി.സി. യോഗങ്ങൾ സജീവമായി നടക്കുന്നു. തിരഞ്ഞെടുപ്പിനെ കുറിച്ചു ബി.സി.സി.കളിൽ അറിയിപ്പ് നൽകി. നവംബർ മാസം 20-ാം തീയതി ഞായറാഴ്ച 2 മണിക്ക് പേട്ട ഇടവക ബി.സി.സി. ജനറൽ ബോഡി ചേർന്നു. ഇടവക വികാരി ഫാ. ഡേവിഡ്സൻ, സഹവികാരി ഫാ. രജീഷ് രാജൻ, ബി.സി.സി. ലീഡേഴ്സ്, ആനിമേറ്റർ എന്നിവർ പങ്കെടുത്തു. വികാരിയച്ചൻ ബി.സി.സി. തിരഞ്ഞെടുപ്പ് വിജ്ഞാപനം വിശദീകരിച്ചു. നവംബർ 22 മുതൽ യൂണിറ്റ് ക്രമത്തിൽ തിരഞ്ഞെടുപ്പ് പള്ളി അങ്കണത്തിൽ നടത്താൻ തീരുമാനിച്ചു. അതിലേക്കായി സമിതിയെയും തിരഞ്ഞെടുത്തു.

**കോവളം ഫെറോന**

പൂന്തുറ, വിഴിഞ്ഞം, കാരയ്ക്കാമണ്ഡപം, പൊന്നുമംഗലം, പുന്നമൂട്, പെരിങ്ങമല, കാക്കാമൂല, വവ്വാമൂല, പൂങ്കുളം, നെല്ലിയോട്, പാലപ്പൂര്, പരുത്തിക്കുഴി, ഇടയാർ, ആഴാകുളം എന്നീ ഇടവകകളിൽ ബി.സി.സി. പ്രവർത്തനങ്ങളും ജനറൽ ബോഡിയോഗവും കൃത്യമായി നടക്കുന്നു. എല്ലാ ഇടവകകളിലും ബി.സി.സി. തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. ആഴാകുളം ഇടവകയിൽ ഇടവക തിരുനാൾ നവംബർ 13 മുതൽ 20 വരെ ആഘോഷിച്ചു. തിരുനാളിനോടനുബന്ധിച്ച് ഓരോ യൂണിറ്റിനും ഓരോ കാരുണ്യ പ്രവർത്തികൾ ഏല്പിച്ചു.

**പാളയം ഫെറോന**

ക്രിസ്തുരാജപുരം, കിള്ളിപ്പാലം, വെള്ളയമ്പലം, പേരൂർക്കട എന്നീ ഇടവകകളിൽ ജനറൽ ബോഡി യോഗം കൂടി. എല്ലാ ഇടവകകളിലും യൂണിറ്റ് മീറ്റിംഗ് നടക്കുന്നുണ്ട്.

**കിള്ളിപ്പാലം:** ജനറൽ ബോഡി യോഗത്തിൽ ഒരുവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. യുവജനങ്ങളെ പ്രാർഥനയിൽ കൊണ്ടുവരാൻ ശ്രമിക്കണമെന്ന് തീരുമാനിച്ചു.
**കുറവൻകോണം:** എല്ലാ രണ്ടാം ശനിയാഴ്ചയും പാര്ഷ് കൗൺസിൽ യോഗം നടക്കുന്നു.
**മണക്കാട്:** 2 യൂണിറ്റിൽ തിരഞ്ഞെടുപ്പ് നടന്നു.
**തൃക്കണ്ണാപുരം:** പ്ലാനും ബജറ്റും അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നു.
**വെള്ളയമ്പലം:** വികാരി അച്ചനും കോർഡിനേറ്ററും എല്ലാ ഭവനങ്ങളും സന്ദർശിച്ചു.
**പേരൂർക്കട:** കൊറോണ ആയതിനാൽ പള്ളിഹാളിൽ ആയിരുന്നു ഇതുവരെയുള്ള യൂണിറ്റ് മീറ്റിംഗ് നടത്തിയിരുന്നത്. നവംബർ മാസം മുതൽ അത് വീടുകളിലേക്ക് മാറ്റിയിരിക്കുന്നു.

**പുല്ലുവിള ഫെറോന**

12.11.2022 ൽ കൊച്ചുപള്ളി ഇടവകയിൽ വച്ച് ഫെറോനാതല തിരഞ്ഞെടുപ്പ് പരിശീലന പരിപാടി നടത്തി. ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ജോസ് എന്നിവർ പങ്കെടുത്ത പരിശീലനം ശ്രീ. അജിത്ത് ക്ലാസുകൾ കൈകാര്യം ചെയ്തു. ഇടവക ബി.സി.സി കോർഡിനേറ്റർമാർ, സിസ്റ്റർ പ്രതിനധികൾ, റിസോഴ്സ് ടീം അംഗങ്ങൾ ഉൾപ്പെടെ 51 പേർ യോഗത്തിൽ പങ്കെടുത്തു. രൂപതാതല റ്റി.ഒ.റ്റി.ക്കായി വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടുന്ന 10 അംഗ ടീമിനെ തിരഞ്ഞെടുത്തു.

**ഇടവകതലം**

**പള്ളം:-** 5.11.2022 ൽ ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ ബി.സി.സി. ജനറൽ ബോഡി യോഗം കൂടി. ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. 50,000 രൂപ തൈക്കാട് പള്ളി നിർമ്മാണത്തിനും ഇടവകയിലെ 3 പേർക്ക് ഭവനത്തിനായി സ്ഥലവും കൊടുക്കാൻ തീരുമാനിച്ചു.
**പുതിയതുറ:-** 6.11.2022 ൽ ബി.സി.സി. ജനറൽ ബോഡി യോഗം നടത്തി. മദ്ധ്യസ്ഥ തിരുനാൾ, സാന്താ ഫെസ്റ്റ് എന്നിവയെക്കുറിച്ചും ആർച്ച് നവീകരണവും ചർച്ച നടത്തി.
**പുല്ലുവിള:-** ബി.സി.സി. ജനറൽ ബോഡി യോഗം നടത്തി. യോഗത്തിൽ മദ്ധ്യസ്ഥ തിരുനാൾ, സെമിത്തേരി പുനഃനിർമ്മാണം, ചന്ത പുനരുത്ഥാനം എന്നിവ നടത്താൻ തീരുമാനിച്ചു.
**പൂവ്വാർ:-** ബി.സി.സി. ജനറൽ ബോഡി യോഗം കൂടി. കടലിനഭി

മുഖമായി സെന്റ് ബർത്തലോമിയോ കുരിശടി സ്ഥാപിക്കുവാനും കിടപ്പ് രോഗികൾക്ക് എയർ പാഡ് നൽകുവാനും രോഗികൾക്ക് മരുന്ന് വാങ്ങി നൽകാനും പൊതുകക്കൂസിന്റെ നവീകരണം നടത്താനും ജപമാല റാലി വിപുലമായി നടത്താനും തീരുമാനിച്ചു.

**കൊല്ലങ്കോട്:-** ബി.സി.സി. ജനറൽ ബോഡിയുടേയും മാത ഭക്ത സംഘടനകളുടേയും നേതൃത്വത്തിൽ 31.10.2022 ന് അഖണ്ഡജപമാല നടത്തി. നവംബർ മാസം സെമിത്തേരിയിൽ പരേതസ്മരണ പ്രാർഥന നടത്തി. യൂണിറ്റ് പ്രാർഥനകളിൽ റിസോഴ്സ് ടീം പങ്കെടുത്ത് വചനവിചിന്തനം നടത്തി വരുന്നു.

**നമ്പ്യാതി:-** ഒക്ടോബർ മാസ ജപമാല റാലിക്കും എല്ലാ വെള്ളിയാഴ്ചകൾ തോറുമുള്ള ദിവ്യകാരുണ്യ ആരാധനക്കും ബി.സി.സി. കൾ നേതൃത്വം നൽകി വരുന്നു.

**കരിച്ചൽ:-** ഒക്ടോബർ മാസം ജപമാലയോടുകൂടി ആരംഭിക്കുന്ന ദിവ്യബലിക്ക് ബി.സി.സി. യൂണിറ്റുകൾ നേതൃത്വം നൽകി. നവംബർ 2 ന് സകല പരേതാത്മാക്കൾക്കു വേണ്ടിയുള്ള ദിവ്യബലിക്കു ശേഷം ബി.സി.സി. തലത്തിൽ കല്ലറകൾ വെഞ്ചരിച്ചു.

**ചൊവ്വര:-** യൂണിറ്റ് തലത്തിൽ മാതാവിന്റെ രൂപം കൊടുക്കുകയും എല്ലാ വീടുകളിലും ജപമാല നടത്തുകയും ചെയ്തു. നിർദ്ദനയായ യുവതിയുടെ കല്യാണത്തിന് 5000 രൂപ ധനസഹായം നൽകുകയും പള്ളിയുടെ വശത്ത് തന്നെ പന്തലൊരുക്കി സഹായിക്കുകയും ചെയ്തു.

**അഞ്ചുതെങ്ങ് ഫെറോന**

13.11.2022 ഞായറാഴ്ച ഉച്ചക്കു 2 മണിക്കു ബഹുമാനപ്പെട്ട അതിരൂപതാ ബി.സി.സി. ഡയറക്ടർ അച്ചന്റെയും ഫെറോന ബി.സി.സി. കോർഡിനേറ്റർ അച്ചന്റെയും സാന്നിദ്ധ്യത്തിൽ ഫെറോന ബി.സി.സി. യോഗം ആരംഭിച്ചു. എല്ലാ ഇടവകയിൽ നിന്നുമുള്ള സിസ്റ്റർ ആനിമേറ്റർമാർ യോഗത്തിൽ സന്നിഹിതരായിരുന്നു. യോഗത്തിന്റെ പ്രധാന അജണ്ട 2023-24 ലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്തിന്റെ മാനദണ്ഡങ്ങളെ കുറിച്ചും നിയമാവലിയിൽ വന്ന മാറ്റങ്ങളെ കുറിച്ചും ബഹുമാനപ്പെട്ട അതിരൂപതാ ബി.സി.സി. ഡയറക്ടർ ഫാ. ഡാനിയേൽ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഇടവകയിലും തിരഞ്ഞെടുപ്പുകൾ ആരംഭിച്ചു. തിരഞ്ഞെടുപ്പു കാര്യങ്ങൾ സുഗമമായി

നടത്തുന്നതിനായി 5 പേരടങ്ങുന്ന ഒരു ടീമിനു രൂപം നല്കി. മാമ്പള്ളി ഇടവകയിൽ തിരഞ്ഞെടുപ്പുകൾ പൂർത്തിയായി.

യോഗത്തിൽ പങ്കെടുത്തവർക്കെല്ലാം നന്ദി പറഞ്ഞു കൊണ്ടു യോഗം അവസാനിപ്പിച്ചു.



**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോനയിലെ ബി.സി.സി. കോർഡിനേറ്റർമാരുടെ യോഗം 27.11.2022 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 3.30 മണിക്ക് കഴക്കൂട്ടം സെന്റ്. ജോസഫ് പാരിഷ് ഹാളിൽ വച്ച് ഫെറോന വികാരി റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. യോഗത്തിൽ ഫെറോന ബി.സി.സി. ഡയറക്ടർ റവ. ഫാ. ജോസഫ് ബാസ്ക്കർ സന്നിഹിതനായിരുന്നു. ഓരോ ഇടവകയിലെയും കോർഡിനേറ്റർമാരും അവരവരുടെ ഇടവകയിലെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ഇടവകയിലെ ബി.സി.സി. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ബി.സി.സി. ഒന്നുകൂടി ശക്തമാക്കുവാൻ ഫെറോനതലത്തിലും ഇടവകതലത്തിലും നമുക്ക് എന്തൊക്കെ ചെയ്യാം എന്നും ചർച്ച ചെയ്യുകയുണ്ടായി. കൂടാതെ തിരഞ്ഞെടുപ്പ് സമയത്ത് ബി.സി.സി. കോർഡിനേറ്റർ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഫെറോന വികാരി ഒന്നുകൂടി ഓർമ്മപ്പെടുത്തി.

**ഇടവകതലം**

**മുരുക്കുംപുഴ:** ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലും ജപമാല ഭക്തി വളർത്തിയെടുക്കുവാൻ ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ ജപമാല ചൊല്ലുകയും അനുദിന ജീവിതത്തിൽ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ചും ജപമാല ചൊല്ലുമ്പോൾ ലഭിക്കുന്ന പരിശുദ്ധ അമ്മയുടെ വാഗ്ദാനങ്ങളെക്കുറിച്ചും ഹൃദയസ്പർശിയായി പ്രഭാഷണം നടത്തുകയും കൂടാതെ യൂണിറ്റുകളിൽ ബി.സി.സി. തിരഞ്ഞെടുപ്പിനെക്കുറിച്ചും ദൗത്യങ്ങളെക്കുറിച്ചും വികാരി അച്ചൻ പ്രബോധനം നൽകി.

**കാര്യവട്ടം:** കൊറോണയ്ക്കുശേഷം എല്ലാ ബി.സി.സി. കൂട്ടായ്മകളും സജീവമായി തന്നെ പ്രവർത്തിക്കുന്നു. കൂടാതെ ഇടവക തിരുനാൾ ബി.സി.സി. കൂട്ടായ്മയുടെ പങ്കാളിത്തത്തോടുകൂടി ഭംഗിയായി പ്രാർഥനാചൈതന്യത്തോടും അർപ്പണമനോഭാവത്തോടും കൂടി നടത്തുകയുണ്ടായി. ഓരോ കുടുംബകൂട്ടായ്മയിലും ഇടവക വികാരി, സിസ്റ്റർ പ്രതിനിധികളും, ബി.സി.സി. കോർഡിനേറ്ററും

പങ്കെടുക്കാറുണ്ട്. ഒക്ടോബർ മാസത്തിൽ മാതാവിന്റെ രൂപം ഓരോ ദിവസവും ഓരോ വീടുകളിൽ പ്രതിഷ്ഠിച്ചു പ്രാർഥനയും ജപമാലയും നടത്തുകയുണ്ടായി.

**ഫാത്തിമമാതാ കഴക്കൂട്ടം:** ഓരോ മാസത്തിന്റെയും ആദ്യത്തെ 3 ആഴ്ചകളായി ഇടവക വികാരിയുടെയും ബി.സി.സി. കോർഡിനേറ്ററിന്റെയും സാന്നിദ്ധ്യത്തിൽ ബി.സി.സി. യൂണിറ്റുകൾ നടക്കുന്നു. കൂടാതെ മാസാദ്യവെള്ളിയാഴ്ച കിടപ്പുരോഗികൾക്കും വാർദ്ധക്യത്തിൽ കഴിയുന്ന രോഗികൾക്കും രോഗസൗഖ്യ ആശീർവാദ പ്രാർഥനയും ദിവ്യകാരുണ്യവും നൽകുന്നു.

**സെന്റ്. ജോസഫ് കഴക്കൂട്ടം:** എല്ലാ മാസത്തിലും ബി.സി.സി. കൂട്ടായ്മ വികാരി അച്ചന്റെയും സിസ്റ്റർ പ്രതിനിധിയുടെയും കോർഡിനേറ്ററുടെയും സാന്നിദ്ധ്യത്തിൽ നടത്തി വരുന്നു. ഒക്ടോബർ മാസത്തിൽ ജപമാല മാസം നല്ല രീതിയിൽ ഓരോ യൂണിറ്റുകളിലും നടത്തുകയുണ്ടായി. ഞായറാഴ്ചകളിൽ ദിവ്യബലിക്കുവേണ്ട ക്രമീകരണങ്ങൾ യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തി വരുന്നു.

**ഫാ. ഡാനിയേൽ**
**ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി**

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

**വചനം 2023**

തിരുവനന്തപുരം അതിരൂപത അജപാലനശുശ്രൂഷ സമിതി പുറത്തിറക്കുന്ന “വചനം” ബൈബിൾ ഡയറി ഈ വർഷം ഡിസംബർ 15 ന് മുമ്പ് ലഭ്യമാകുന്നതാണ്.

ദിവ്യബലിയിലെ അനുദിന വായനകൾ, വചന വിചിന്തനം, അനുദിന വിശുദ്ധർ എന്നിവ ഉൾപ്പെടുത്തിയ ബൈബിൾ ഡയറി അനുദിന ദിവ്യബലിയർപ്പണത്തിന് ഒരുങ്ങുന്നതിനും വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് സഹായിക്കുന്ന രീതിയിലുമാണ് തയ്യാറാക്കിയിരിക്കുന്നത്. വില 200 രൂപ. 50-ൽ കൂടുതൽ കോപ്പികൾ ഓഡർ ചെയ്യുന്നവർക്ക് അവരുടെ അഡ്രസിൽ ഡയറികൾ എത്തിക്കുന്നതായിരിക്കും.

**ബൈബിൾ പാരായണമാസം**

ഡിസംബർമാസം ബൈബിൾ പാരായണമാസമായി ആചരിക്കുന്നു. ഡിസംബർ 18-ാം തിയതി ബൈബിൾ ഞായറായി ആഘോഷിക്കേണ്ടതാണ്.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മീഷൻ

## 'ക്രിസ്തുമത സമ്പൂർണ്ണ ചരിത്രക്വിസ്'

കെ.ആർ.എൽ.സി.സി. മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ മതബോധന അധ്യാപകർക്കും വിദ്യാർഥികൾക്കുമായി **'ക്രിസ്തുമത സമ്പൂർണ്ണ ചരിത്രക്വിസ്'** ലോഗോസ് പരീക്ഷ നടത്തുന്ന മാതൃകയിൽ നടത്തുകയാണ്. 2023 ജനുവരി 15-ന് 2 മണി മുതൽ 4 മണിവരെയാണ് ഈ പരീക്ഷ അതിരൂപതാതലത്തിൽ നടത്തുക. ഓരോ വിഭാഗത്തിലും അതിരൂപതയിൽ നിന്നും ആദ്യ സ്ഥാനം നേടുന്ന മൂന്നുപേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതലപരീക്ഷ ഫെബ്രുവരി 12 നായിരിക്കും.

**വിഭാഗം**

Group A - 10 വയസുമുതൽ 13 വയസ് വരെ
Group B - 14 വയസുമുതൽ മുകളിലേക്ക്
Group C - മതബോധന അധ്യാപകർ

**വിഷയം** : **"ക്രിസ്തുമതസമ്പൂർണ്ണ ചരിത്രം,"** എന്ന പുസ്തകത്തിലെ പേജ് 5-97 വരെ (10-ാം നൂറ്റാണ്ട്)

ക്രിസ്തുമത സമ്പൂർണചരിത്ര പുസ്തകം ആവശ്യമുള്ളവർ അജപാലന ഓഫീസിൽ ലഭ്യമാണ്. **പുസ്കതത്തിന്റെ വില 65 രൂപ.**

**പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കൽ**

ഇടവക-ഫെറോന-അതിരൂപതാതലത്തിൽ ഇപ്പോൾ നിലവിലുള്ള ക്രിസ്തീയവിശ്വാസജീവിതപരിശീലനസമിതിയുടെ കാലാവധി 2023 മെയ് മാസം അവസാനിക്കുകയാണ്. ആയതിനാൽ **2023 –25** കാലയളവിലേക്ക് ക്രിസ്തീയവിശ്വാസജീവിത പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടേണ്ട സമിതി അംഗങ്ങൾ: *പ്രധാന അധ്യാപകൻ/ അധ്യാപിക, സെക്രട്ടറി, സ്ത്രീ-പുരുഷ അധ്യാപക പ്രതിനിധികൾ, സിസ്റ്റർ ആനിമേറ്റർ.* പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള തിയതികൾ ചുവടെ ചേർക്കുന്നു:

✳ ഇടവകതലത്തിൽ - **ഡിസംബർ – 2022**
✳ ഫെറോനാതലത്തിൽ - **ഫെബ്രുവരി – 2023**
✳ അതിരൂപതാതലത്തിൽ - **മെയ് – 2023**

**ഫെറോനകളിൽ തിരഞ്ഞെടുപ്പ് നടത്തുന്ന തിയതി/സമയം**

| | ഫെറോന | തീയതി | സമയം |
|---|---|---|---|
| 1. | അഞ്ചുതെങ്ങ് | 05.02.2023 - ഞായർ | 2:00 pm |
| 2. | പുതുക്കുറിച്ചി | 12.02.2023 - ഞായർ | 3:00 pm |
| 3. | പാളയം | 19.02.2023- ഞായർ | 3:00 pm |
| 4. | പേട്ട | 26.02.2023 - ഞായർ | 3:00 pm |
| 5. | കഴക്കൂട്ടം | 05.02.2023 - ഞായർ | 3:00 pm |
| 6. | കോവളം | 12.02.2023 - ഞായർ | 3.00 pm |
| 7. | വലിയതുറ | 19.02.2023 - ഞായർ | 3:00 pm |
| 8. | പുല്ലുവിള | 26.02.2023 - ഞായർ | 3:00 pm |
| 9. | തൂത്തൂർ | 12.02.2023 - ഞായർ | 3:00 pm |

## സുവിശേഷവത്ക്കരണം

തീരദേശ സംരക്ഷണ അതിജീവന പോരാട്ട സമരത്തിൽ തിരുവനന്തപുരം സോണൽ സി.എസ്.സിയുടെ നേതൃത്വത്തിൽ 16 /10/22 രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ഉപവാസ സമരത്തിൽ 10 സബ് സോണിലെയും കാരിസ് കുടുംബാംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. പ്രാർത്ഥനാ നിർഭരമായ ശുശ്രൂഷകളാണ് നടത്തിയത്. ഉപവാസ സമരം ബഹുമാനപ്പെട്ട ഡാർവിനച്ചനാണ് ഉദ്ഘാടനം ചെയ്തത്. കൂടാതെ കെ.സി.എസ്.സി സമിതി അംഗ വും ഞാണ്ടൂർക്കോണം ഇടവക വികാരിയുമായ ബഹുമാനപ്പെട്ട ജോസഫ് എൽക്കിനച്ചൻ ബന്ധന പ്രാർത്ഥനയും, സംരക്ഷണ പ്രാ ർത്ഥനയും അർപ്പിച്ചു കൊണ്ട് ഉപവാസ സമരം നടത്തുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. നിരവധി കാരിസ് പ്രതിനിധികൾ പ്രസംഗിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. രാത്രി എട്ടു മണിക്ക് ഉപവാസ സമരത്തിൽ പങ്കെടുത്ത വർക്ക് നാരങ്ങ നീര് ബഹുമാനപ്പെട്ട ഡാർവിനച്ചൻ നല്കി ഉപ വാസ സമരം അവസാനിപ്പിക്കുകയും ചെയ്തു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സബ് സോൺ സർവ്വീസ് ടീമംഗങ്ങൾക്ക് 22/10/22 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ ഫോർമേഷൻ പ്രോഗ്രാം നടത്തുകയു ണ്ടായി. ജപമാല, നന്ദി, സ്തുതി, ആരാധന, ആത്മീയ ഗാനങ്ങൾ എന്നിവ കഴക്കൂട്ട സബ് സോണാണ് അർപ്പിച്ചത്. ഇതിനു നേതൃത്വം നൽകിയത് സബ്സോൺ കോർഡിനേറ്ററായ ബ്രദർ നോബോയാണ്.

തുടർന്ന് ക്രിസ്തുവിന്റെ നേതൃത്വത്തെക്കുറിച്ച് ഇടുക്കി ത ങ്കച്ചായൻ എന്നറിയപ്പെടുന്ന അഗസ്റ്റിൻ സാറാണ് ക്ലാസെടുത്തത്. ഇതിനുശേഷം ശിഷ്യത്തിന്റെ വിലയെക്കുറിച്ച് കെ.സി.എസ്.സി അംഗവും ആത്മീയ ഗുരുവുമായ ബഹുമാനപ്പെട്ട ജോസഫ് എൽ ക്കിനച്ചനാണ് ക്ലാസെടുത്തത്. കൂടാതെ പാസ്റ്ററൽ കൗൺസിൽ അസി.ഡയറക്ടർ ബഹുമാനപ്പെട്ട ഡാർവിനച്ചൻ ആശംസകളും പ്രാ

ർത്ഥനയും നൽകുകയുണ്ടായി. 81 സബ്സോൺ ലീഡേഴ്സ് 10 സബ്സോണകളിൽ നിന്ന് പങ്കെടുക്കുകയുണ്ടായി.



30/10/2022 ൽ വിഴിഞ്ഞത്തുള്ള സമരപ്പന്തലിൽ രാത്രി 8 മണി മുതൽ 31/10/22 രാവിലെ 8 മണി വരെ കാരിസ് കുടുംബാംഗങ്ങൾ നൈറ്റ് വിജിൽ നടത്തുകയുണ്ടായി. പുതുക്കുറിച്ചി, കഴക്കൂട്ടം, വലിയതുറ, കോവളം, പുല്ലുവിള, വട്ടിയൂർക്കാവ് എന്നീ സബ് സോണുകളിൽ നിന്നാണ് അംഗങ്ങൾ നൈറ്റ് വിജിലിൽ പങ്കെടുത്തത്. ഈ ശുശ്രൂഷ ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട പാസ്റ്ററൽ കൗൺസിൽ അസി.ഡയറക്ടർ ഡാർവിനച്ചനാണ്. അതിരൂപതാ വികാരി ജനറൽ ബഹുമാനപ്പെട്ട യൂജിൻ പെരേര അച്ചന്റെ സാന്നിധ്യവും ഉണ്ടായിരുന്നു.

പുല്ലുവിള, കോവളം, തൂത്തൂർ, കഴക്കൂട്ടം, എന്നീ സബ്സോണുകളിൽ ഒരുക്കധ്യാനങ്ങൾ, നൈറ്റ് വിജിൽ, ജാഗരണ പ്രാർത്ഥനകൾ എന്നിവ നടത്തുകയുണ്ടായി. കൂടാതെ അഞ്ചുതെങ്ങ് സബ് സോണിൽ നൈറ്റ് വിജിൽ ആരാധന സെന്ററിലും ജാഗരണ പ്രാർത്ഥന പൂത്തുറ ഇടവകയിലും നടത്തുകയുണ്ടായി.

നവംബർ മാസം സോണിലെ എല്ലാ ശുശ്രൂഷകർക്കുമായി എല്ലാ മാസവും നടത്തിക്കൊണ്ടിരുന്ന വൺഡേ കൺവെൻഷൻ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം സന്തോഷത്താടെ അറിയിക്കുകയാണ്.

തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി 50 ലക്ഷം ജപമാലകൾ എത്തിക്കുന്നതിന്റെ ഭാഗമായി കരിസ്മാറ്റിക് കുടുംബാംഗങ്ങൾ ഈ യജ്ഞത്തിൽ പങ്കു ചേർന്ന് 50,27, 276 ജപമാലകൾ എത്തിച്ച് ഈ ദൗത്യം പൂർത്തിയാക്കുകയുണ്ടായി. ഇതിൽ പങ്കുചേർന്ന കരിസ്മാറ്റിക് കുടുംബാംഗങ്ങൾക്കും, സുമനസ്സുകൾക്കും ഇത്തരണത്തിൽ നന്ദി പറയുന്നു. കൂടാതെ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന അതിജീവന പോരാട്ട സമര വിജയത്തിനായി ഒരു ലക്ഷം ജപമാലകൾ കാഴ്ചവസ്തുവായി സമർപ്പിക്കുന്ന ദൗത്യം കൂടി കരിസ്മാറ്റിക് കുടുംബസേനാ അംഗങ്ങൾ എറ്റെടുത്തു കഴിഞ്ഞു .

**ഫാ. ഡാർവിൻ പീറ്റർ**
**ഡയറക്ടർ**

## *കുടുംബപ്രേഷിത ശുശ്രൂഷ*

തിരുവനന്തപുരം അതിരൂപത

### സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ്

സൈക്കോളജി കോഴ്സിന്റെ ഒൻപതാം ബാച്ചിന്റെ ക്ലാസ്സുകൾ ഈ മാസം 12, 26 എന്നീ തീയതികളിലും 5- ാമത് ബാച്ച് ഡിപ്ലോമ കോഴ്സിന്റെ ക്ലാസ്സുകൾ 5,12 തീയതികളിലും നടന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 70 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 505 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 447 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 70 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ഓഖി കരുണാമയൻ**

ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയിട്ടും ജോലിക്ക് പോകാൻ സാധിക്കാത്ത 120 പേർക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു. ഈ മാസത്തോടുകൂടി ഈ പദ്ധതി വഴിയുള്ള ധനസഹായ വിതരണം അവസാനിക്കുന്നു.

**ഹീലിംഗ് ഹാൻഡ്സ്**

രോഗികളായി കഷ്ടതയനുഭവിക്കുന്നവരിൽ നിന്ന് ഇതുവരെയായി 152 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 106 പേർക്ക് ധനസഹായം നൽകാൻ സാധിച്ചു. ഈ മാസം 6 അപേക്ഷകൾ ലഭിക്കുകയും അന്വേഷണ വിധേയമാക്കിയശേഷം 6 പേർക്ക് സഹായം നൽകുകയും ചെയ്തു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പാളയം ഫെറോന**

03.11.2022 ലെ രൂപതാ സമിതി യോഗത്തിൽ ഫെറോനയിൽ നിന്ന് 5 പേർ പങ്കെടുത്തു. 12.11.2022 ന് ബധിര മൂകസഹോദരങ്ങൾക്കായി വെട്ടുകാട് ക്രിസ്തുരാജത്വ ദൈവാലയത്തിൽ നടത്തിയ തിരുന്നാൾ ദിവ്യബലിയിൽ പങ്കെടുത്തു.

അതിരൂപതയിൽ നിന്നുള്ള കരുണാമയൻ ധനസഹായം രോഗികൾക്ക് എത്തിച്ചു. ചികിത്സാ ധനസഹായത്തിന് രണ്ട് അപേക്ഷകൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

**കാച്ചാണി**: എല്ലാ മാതാപിതാക്കളെയും ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**കാഞ്ഞിരംപാറ**: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് സഹായം നൽകുന്നു.

**കുറവൻകോണം**: രോഗീസന്ദർശനം നടത്തി പാവപ്പെട്ടവർക്ക് സഹായം നൽകുന്നു.

**വെള്ളയമ്പലം**: എല്ലാ മാസവും 500 രൂപ വീതം പാവപ്പെട്ട വിധവകൾക്ക് ധനസഹായം നൽകുന്നു. കിടപ്പുരോഗികൾക്ക് വീടുകളിൽ വി.കുർബാന എത്തിക്കുന്നു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ കുടുംബശുശ്രൂഷയുടെ മീറ്റിംഗ് വൈദീക കോർഡിനേറ്റർ റോഷൻ റിച്ചാർഡ് അച്ചന്റെ അധ്യക്ഷതയിൽ 18 നു വൈകുന്നേരം കുമാരപുരം പള്ളി ഹാളിൽ വച്ച് നടത്തുകയുണ്ടായി. ഇടവകവികാരി, ആനിമേറ്റർ, ഫെറോന സെക്രട്ടറി ശാലിനി, മറ്റു ഇടവക കുടുംബശുശ്രൂഷ കൺവീനർമാർ പങ്കെടുത്തു. കഴിഞ്ഞമാസം നടത്തിയ സെമിനാറിന്റെ വിലയിരുത്തൽ നടത്തി. ഫെറോന സമിതി തീരുമാനിക്കുന്ന പരിപാടികൾ ഇടവകതലത്തിൽ നടത്താൻ തക്കവിധം പ്ലാൻ&ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കണം. പകൽവീട്, വിധവാസംഗമം, യുവജനപ്രോത്സാഹനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകണം. റോഷനച്ചൻ നിർദ്ദേശിച്ച ലഹരി വിമുക്ത ബോധവത്ക്കരണം എല്ലാ ലീഡർമാരും ബി.സി.സി. കളിൽ നടത്തി. പുഷ്പഗിരി പള്ളിയിൽ സീനിയേഴ്സിന്റെ കൂട്ടായ്മ നടത്തി. പോങ്ങുംമൂട് പള്ളിയിൽ സീനിയേഴ്സിന്റെ കൂട്ടായ്മ നടത്തി. പോങ്ങുംമൂട് പള്ളിയിൽ ആരോഗ്യപരിപാലന ക്ലാസ്സ് നൽകി. പേട്ടയിൽ വിധവകൾക്കായുള്ള സംഗമവും അവരുടെ കൂട്ടായ്മ

ബലപ്പെടുത്താനുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. കുമാരപുരം പള്ളിയിൽ വിധവകളെയും ഭിന്നശേഷിക്കാരെയും ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയിൽ ചേർത്തു. രൂപതയിലെ ക്രിസ്മസ് സ്മൈൽ പരിപാടി ഫെറോനസമിതിയെ അറിയിച്ചു. സഹായം അഭ്യർത്ഥിച്ചു.

**കഴക്കൂട്ടം ഫെറോന**

03.11.2022 ലെ രൂപതാ സമിതി യോഗത്തിൽ പങ്കെടുത്തു.

ഈ മാസത്തെ ഫെറോനതലയോഗം 13.11.2022 ന് സെന്റ് ജോസഫ് കഴക്കൂട്ടം ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. യോഗത്തിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ, ഫെറോന വൈദീക കോർഡിനേറ്റർ റവ. ഫാ. ജൂലിയസ് സാവിയോ എന്നിവർ പങ്കെടുത്തു. യോഗത്തിൽ ഇടവക കൺവീനർമാർ അവരുടെ ഇടവകയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ഇടവകയിലെയും പ്രവർത്തനങ്ങളെ അതിരൂപതാ ഡയറക്ടർ റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ വിലയിരുത്തി. അടുത്ത വർഷത്തേക്ക് സമിതി എന്തൊക്കെ ചെയ്യാമെന്ന് ആസൂത്രണം ചെയ്തു. കുടുംബശുശ്രൂഷ കൂടുതലായി കുടുംബബന്ധങ്ങളുടെ ശാക്തീകരണത്തിനായി കൂടുതൽ പ്രവർത്തിക്കണമെന്ന് പറയുകയുണ്ടായി. കാരണം ഇന്നത്തെ സമൂഹത്തിൽ മിശ്രവിവാഹം കൂടുതലായി കാണുന്നു. അതുപോലെ തന്നെ കൗൺസിലിംഗിലൂടെ തകർന്ന കുടുംബ ബന്ധങ്ങളെ കൂട്ടിയോജിച്ച് നവീകരിച്ച കുടുംബ ബന്ധങ്ങൾ രൂപപ്പെടുത്തണം എന്നും ചർച്ച ചെയ്തു.

**കാര്യവട്ടം**: കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുവാൻ പ്രാർത്ഥനയും കൗൺസിലിംഗും നടത്തി വരുന്നു.

**ശ്രീകാര്യം**: യൂണിറ്റ് സന്ദർശനം നടത്തി ഓരോ കുടുംസമിതിയുടെ നേതൃത്വത്തിൽ കൊന്തചൊല്ലി പ്രാർത്ഥിക്കുന്നു.

**ഞാണ്ടൂർക്കോണം**: ഇടവകയിൽ രോഗികളായിരിക്കുന്നവരെയും കിടപ്പുരോഗികളെയും ഭവനങ്ങൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സഹായിക്കുകയും ചെയ്യാറുണ്ട്. മരണം നടന്ന ഭവനങ്ങളിൽ 7-ാം ദിവസത്തെ പ്രാർത്ഥന വരെ എല്ലാ ദിവസവും വൈകുന്നേരം യൂണിറ്റിലെ അംഗങ്ങൾ ഒത്തുകൂടുകയും പ്രാർത്ഥന നടത്തുകയും ചെയ്യും. വിധവാ ഫോറത്തിന്റെ മീറ്റിംഗ് എല്ലാ മാസവും കൃത്യമായി നടക്കുന്നുണ്ട്.

സമന്വയ

**വലിയതുറ ഫെറോന**

നവംബർ മാസത്തിൽ കൊച്ചുവേളി, വെട്ടുകാട്, കണ്ണാന്തുറ, തോപ്പ്, വലിയതുറ എന്നീ ഇടവകകളിൽ പ്രതിമാസ യോഗം നടന്നു.

ഫെറോനതലയോഗത്തിൽ 7 ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. നവംബർ 13 ന് നടന്ന കുടുംബശുശ്രൂഷ സമിതിയുടെ ഒത്തുചേരലും മന്ന 500-ാം ദിനത്തിന്റെ ആഘോഷത്തിന്റെ കാര്യപരിപാടികളും തീരുമാനിച്ചു.

നവംബർ 13 ന് കുടുംബശുശ്രൂഷയുടെ വാർഷിക ഒത്തുചേരൽ നടന്നു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ മുഖ്യ കാർമ്മികനായി ദിവ്യബലിയും റവ. ഡോ. ഏ ആർ ജോൺ നയിച്ച ക്ലാസ്സും അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ മന്നയുടെ 500-ാം ദിനത്തിന്റെ ഉത്ഘാടനവും വോളന്റിയേഴ്സിന് ആദരവും നൽകി. 130 ഓളം പേർ പങ്കെടുത്ത ഒത്തുചേരലിൽ എല്ലാ ഇടവകയിൽ നിന്നുമുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നു.

മന്നയുടെ പ്രവർത്തനം 116 പേർക്ക് 717 കുടുംബശുശ്രൂഷ വോളന്റിയേഴ്സിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

നവോമി ഫോറത്തിന്റെ ഫെറോനതല യോഗം നടക്കുകയുണ്ടായി. 7 ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. മെഴുകുതിരി നിർമ്മാണം, ജപമാല നിർമ്മാണം എന്നിവ തുടങ്ങാനുള്ള ക്രമീകരണങ്ങൾ ഇടവക തലത്തിൽ നടത്തുവാനും അതിനു വേണ്ട പരിശീലനം നൽകുവാനും തീരുമാനിച്ചു.

**പുല്ലുവിള ഫെറോന**

03.11.2022 ലെ രൂപതാ സമിതി യോഗത്തിൽ ഫെറോനയിൽ നിന്ന് 4 പേർ പങ്കെടുത്തു. 12.11.2022 ന് ബധിര മൂകസഹോദരങ്ങൾക്കായി വെട്ടുകാട് ക്രിസ്തുരാജത്വ ദൈവാലയത്തിൽ നടത്തിയ തിരുന്നാൾ ദിവ്യബലിയിൽ ഈ ഫെറോനയിൽ നിന്ന് 33 പേർ പങ്കെടുത്തു.

23.10.2022 ന് അടിമലത്തുറ ഇടവകയിൽ വച്ച് ഫെറോനയുടെ പ്രതിമാസ യോഗത്തിൽ അതിരൂപതാഡയറ്കടർ റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ പങ്കെടുത്തു. ഫെറോന വൈദിക കോർഡിനേറ്റർ റവ. ഫാ. ജേക്കബ് സ്റ്റെല്ലസ്, സഹവികാരി റവ. ഫാ. പ്രമോദ്

എന്നിവർ പങ്കെടുത്തു. നവംബർ മാസത്തെ യോഗം 27.11.2022 ന് കൊച്ചുപള്ളിയിൽ വച്ച് കൂടാൻ തീരുമാനിച്ചു. 20 പേർ ഈ യോഗത്തിൽ പങ്കെടുത്തു.

വിഴിഞ്ഞത്ത് നടക്കുന്ന മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനു വേണ്ടിയുള്ള സമരത്തിൽ പങ്കെടുത്തു. അതിരൂപതയിൽ നിന്നു ലഭിച്ച കരുണാമയൻ, ഓഖി, ഹീലിംഗ് ഹാൻഡ് എന്നീ ധനസഹായങ്ങൾ 75 കുടുംബങ്ങൾക്ക് ഫെറോനയിൽ വിതരണം ചെയ്തു. രൂപതാതലത്തിൽ സാന്ത്വനം മംഗല്യം സഹായം ആവശ്യപ്പെട്ട ഫെറോനയിലെ 5 കുടുംബങ്ങളെ സന്ദർശിക്കുകയും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു.

**കൊല്ലംകോട്:** ഇടവകയിലെ 20 കുടുംബങ്ങൾക്ക് എല്ലാ മാസവും മന്ന പദ്ധതിയിലൂടെ ഭക്ഷണസാധനങ്ങൾ നൽകിവരുന്നു. ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു ഭിന്നിച്ച് നിൽക്കുന്ന 2 കുടുംബങ്ങളെ രമ്യതയിലാക്കി.

**പരുത്തിയൂർ:** 19.10.2022 ന് ഇടവകതല എക്സിക്യുട്ടീവ് യോഗം നടത്തി. 17.11.2022 ൽ ഇടവക ക്രിസ്തുരാജത്വ തിരുന്നാളിനോടനുബന്ധിച്ച് കുടുംബദിനമായി ആചരിക്കുകയും ദിവ്യബലി മധ്യേ

ഈ വർഷം വിവാഹിതരായി 25 വർഷം ആഘോഷിക്കുന്ന ദമ്പതികളെ പൊന്നാട അണിയിച്ചും സമ്മാനങ്ങൾ നൽകിയും ആദരിച്ചു. ഇടവകതലത്തിൽ കൗൺസിലിംഗ് നടത്തി വരുന്നു.

**പൂവ്വാർ:** ഇടവകയിലെ നിർധനരായ 13 കുടുംബങ്ങൾക്ക് എല്ലാ ദിവസവും ഭക്ഷണം നൽകി വരുന്നു. കുടുംബ സന്ദർശനം നടത്തി പ്രാർത്ഥനയും വിശ്വാസവും ഉജ്ജ്വലിച്ച് വരുന്നു.

**കരുംകുളം:** 23 കുടുംബങ്ങൾക്ക് മന്ന പദ്ധതിയിലൂടെ ഭക്ഷണം നൽകി വരുന്നു. രോഗീസന്ദർശനവും പരേതാത്മക്കൾക്ക് വേണ്ടി മരണവീട്ടിൽ പോയി പ്രാർത്ഥിക്കുകയും ക്യാൻസർ രോഗിക്കുവേണ്ടി രൂപതയിൽ അപേക്ഷ നൽകുകയും ചെയ്തു..

**അടിമലത്തുറ:** നവംബർ 17 ന് എക്സിക്യുട്ടീവ് അംഗം കൂടി ക്രിസ്മസ് പരിപാടികൾ ആസൂത്രണം ചെയ്ത ഇടവക ഭവനസന്ദർശനം നടത്തി കൗൺസിലിംഗ് നടത്തി വരുന്നു. ഇടവകയിൽ നടത്തിയ അഖണ്ഡ ജപമാലയിൽ എക്സിക്യുട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**കൊച്ചുപള്ളി:** ഭവനസന്ദർശനം നടത്തി കുടുംബങ്ങൾ ശാക്തീകരിക്കുന്നു. രോഗീസന്ദർശനം നടത്തുകയും കിടപ്പ്

രോഗികൾക്ക് കുർബാന എത്തിക്കുകയും ചെയ്യുന്നു. ഞായറാഴ്ച ദിവസങ്ങളിൽ കൗൺസിലിംഗ് നടത്തിവരുന്നു.

**തൂത്തൂർ ഫെറോന**

എല്ലാ മാസത്തെയും പോലെ ഈ മാസവും കുടുംബപ്രേഷിതശുശ്രൂഷയുടെ ഫെറോനതല എക്സിക്യുട്ടീവ് യോഗം കൂടുകയും ഇടവകതല റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ എക്സിക്യുട്ടീവ് മീറ്റിംഗിൽ തീരുമാനിച്ചതുപോലെ ധനശേഖരണം നടത്താൻ കോർഡിനേറ്റർ അച്ചന്റെ കത്തില്ലാത്തതിന്റെ ബുദ്ധിമുട്ട് പല ഇടവകകളിലും ഉണ്ട്. ഇത് കോർഡിനേറ്ററിനെ അറിയിച്ചപ്പോൾ അച്ചൻ വൈദീകകൂട്ടായ്മയിൽ അറിയിച്ചിട്ട് യാതൊരുവിധ പോസിറ്റീവ് മറുപടിയും ലഭിക്കാത്തതിനാൽ കോർഡിനേറ്റർ അച്ചൻ ഫാ. ബെൻസിഗറിന് കത്ത് തരാൻ സാധിച്ചില്ല. എങ്കിലും ധനശേഖരണത്തിന് എതിർക്കാത്ത ചില ഇടവകകളിൽ അത് എത്രയും വേഗം നടക്കാൻ തന്നെ തീരുമാനിച്ചു. മക്കളില്ലാത്ത കുടുംബങ്ങളിലേക്ക് സന്ദർശനം നടത്തി അവരോടുകൂടി ക്രിസ്മസ് സന്തോഷവും സന്ദേശവും പങ്കുവയ്ക്കാൻ തന്നെ തീരുമാനമെടുത്തു.

തൂത്തൂർ ഫെറോന സെന്ററിൽ വച്ച് മാര്യേജ് എൻകൗണ്ടറിൽ 80 പേർ പങ്കെടുത്തു. മക്കളില്ലാത്ത കുടുംബങ്ങൾക്ക് കൗൺസിലിംഗ് നടത്തുകയുണ്ടായി. കുടുംബങ്ങളിലെ സ്നേഹബന്ധം നിലനിർത്തുവാനായി മദ്യത്തിനടിപ്പെട്ട കുടുംബങ്ങളെ സന്ദർശിക്കുകയും ചെയ്തു.

രൂപതയിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന കരുണാമയൻ പദ്ധതിയുടെയും ഓഖി ബാധിതരുടെയും ചികിത്സാ ധനസഹായത്തിനായും ധനസഹായവും സാന്ത്വനം മംഗല്യം പദ്ധതിയുടെ ധനസഹായവും വാങ്ങിക്കൊടുത്തു.

**വിധവാ സംഗമം:** തൂത്തൂർ ഫെറോനയിലെ വിധവാ സംഗമം നീരോടി ഇടവകയിൽ വച്ച് നടത്തി. ഏകദേശം 80 ഓളം വിധവകൾ പങ്കെടുത്തു. ഫെറോന കോർഡിനേറ്റർ റവ. ഫാ. ബെൻസിഗർ "വിധവയുടെ കൊച്ച് കാശ്" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. കൂടാതെ മത്സരക്കളികൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഇരയുമ്മൻതുറ ഇടവകയിലെ ശ്രീമതി റെയ്ച്ചൽ പരസ്പരം പങ്കുവയ്ക്കുന്നതിന് നേതൃത്വം നൽകുകയുണ്ടായി. ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ജപമാല സമ്മാനമായി നൽകി. സ്നേഹവിരുന്നോടുകൂടി സംഗമം സമാപിച്ചു.

**തൂത്തൂർ**: സഹവികാരിയുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് ഇടവകയിലെ എല്ലാ കിടപ്പുരോഗികളെയും സന്ദർശിച്ച് പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ നൽകി, അവരെ ശുശ്രൂഷിച്ചു.

**മാർത്താണ്ഡൻതുറ**: ഇടവകയിൽ പകൽവീട് പ്രോഗ്രാം എല്ലാ വാർഡിലും നടത്തി. ജൂൺ മാസം മുതൽ നവംബർ മാസംവരെ ഇടവകയിലെ എല്ലാ വാർഡിലും പകൽവീട് പ്രോഗ്രാം നടത്താൻ തീരുമാനിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

വിവാഹ ഒരുക്കസെമിനാർ 2022 ഒക്ടോബർ 24,25 തീയതികളിൽ നടന്ന കോഴ്സിൽ 58 പേരും 2022 നവംബർ 11,12 തീയതികളിൽ നടന്ന കോഴ്സിൽ 99 പേരും 2022 നവംബർ 21, 22 തീയതികളിൽ നടന്ന കോഴ്സിൽ 76 പേരും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

അടുത്ത കോഴ്സുകൾ 2022 ഡിസംബർ 5, 6, 2022 ഡിസംബർ 16, 17 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നു മാത്രമായി 18 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com.

**ഫാ. ക്രിസ്റ്റൽ റൊസാരിയോ**
**ഡയറക്ടർ**

## യുവജന ശുശ്രൂഷ

കെ.സി.വൈ.എം. അതിരൂപത സമിതി സമര പരിപാടികളും ഫെറോനാതല സംഘടന പരിപാടികളുമായി മുന്നോട്ടു പോകുന്നു.

**പേട്ട ഫെറോന**

ജപമാല മാസത്തോടനുബന്ധിച്ച് ഒക്ടോബർ 22-ന് ലിറ്റിൽ ഫ്ളവർ ചർച്ച് , കുശവർക്കൽ മുട്ടട ഹോളി ക്രോസ്സ് ദേവാലയത്തിലേക്ക് ജപമാല റാലി സംഘടിപ്പിച്ചു. ഫെറോന തല കലോത്സവ

ത്തിന്റെ ഭാഗമായി ഒക്ടോബർ മാസം 24 ന് മുട്ടട ഹോളി ക്രോസ്സ് ദേവാലയത്തിൽ വച്ച് രചന മത്സരങ്ങൾ സംഘടിപ്പിച്ചു. നവംബർ 6 ലിറ്റിൽ ഫ്ലവർ ചർച്ച് മൺവിളയിൽ വച്ച് ഫെറോന തല കലോത്സവം ഉത്സവ് 2K22 എന്ന പേരിൽ സംഘടിപ്പിച്ചു. ഫെറോനയിലലെ 8 ഇടവകകൾ സജീവമായി പങ്കെടുത്ത കലോത്സവത്തിൽ സെന്റ് ആൻസ് പേട്ട ഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹോളിക്രോസ് ചർച്ച് മുട്ടട രണ്ടാം സ്ഥാനവും, സെന്റ് മേരീസ് ചർച്ച് പോങ്ങുംമൂട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. നവംബർ 12,13 തീയതികളിൽ ആയി നടത്തപ്പെട്ട രൂപത തല ഫുട്ബോൾ ക്രിക്കറ്റ് ടൂർണമെന്റുകളിൽ ഫെറോന ടീം പങ്കെടുപ്പിക്കുകയും ക്രിക്കറ്റ് ടീം ബെസ്റ്റ് ടീം പുരസ്കാരം കരസ്ഥമാക്കുകയും ചെയ്തു. കെ.സി.വൈ.എം സെന്റ് ആന്റസ് പേട്ട ഇടവകയിൽ നവംബർ മാസം 12,13 തീയതികളിൽ ആയി "Arts & Shine" എന്ന പേരിൽ യുവജന ധ്യാനം സംഘടിപ്പിച്ചു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ധ്യാനത്തിൽ പങ്കെടുത്ത യുവജനങ്ങളോട് സംസാരിച്ചു. 135 പേർ ധ്യാനത്തിൽ സജീവമായി പങ്കുകൊണ്ടു.

**പുതുക്കുറിച്ചി ഫെറോന**

05/11/2022 രൂപത കായികമേളയിൽ പങ്കെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് നടത്തുകയുണ്ടായി. 06/11/2022 അത്‌ലറ്റിക്സിൽ പങ്കെടുക്കുകയും 86 പോയിന്റ് നേടുകയും ചെയ്തു. 12/11/2022 ൽ ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുകയും രണ്ടാം സ്ഥാനം നേടുകയും ചെയ്തു. 13/11/2022 ൽ ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുകയും ചെയ്തു.

**കോവളം ഫെറോന**

ഒക്ടോബർ മാസം 29-ാം തീയതി ക്രിക്കറ്റ് മത്സരം നടത്തുകയും പൂന്തുറ ഇടവക വിജയിക്കുകയും ചെയ്തു. ഒക്ടോബർ മാസം 30-ാം തീയതി "തെയോതോക്കോസ്" എന്ന പേരിൽ നടത്തിവന്ന ജപമാല പ്രാർത്ഥനയ്ക്ക് വിഴിഞ്ഞം സിന്ധുമാത ദൈവാലയത്തിൽ വച്ച് ഫെറോന വികാരി ഫ്രെഡി സോളമനച്ചന്റെ ആശീർവാദത്തോട് കൂടി സമാപനം കുറിച്ചു. നവംബർ മാസം 6-ാം തീയതി വൈകുന്നേരം 5 മണിക്ക് "പ്രിയപ്പെട്ടവർക്കായി" എന്ന പേരിൽ മരിച്ചുപോയ പൂർവ്വീകർക്കുവേണ്ടി ഫെറോനയിലെ എല്ലാ യുവജനങ്ങളും അവരുടെ ഇടവകയിലെ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയുണ്ടായി. നവംബർ മാസം 5-ാം തീയതി ഫെറോന സ്പോർട്സ് മീറ്റിന്റെ ഭാഗമായി അത്‌ലറ്റിക്സ് നടത്തുകയുണ്ടായി.

**ഫാ. സന്തോഷ് കുമാർ**
**ഡയറക്ടർ**

# വിദ്യാഭ്യാസശുശ്രൂഷ

**അതിരൂപതാതലം**

**മെറിറ്റ് അവാർഡ്**

2021–22 വർഷത്തിൽ 10, +2 എന്നീ ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പാളയം, പേട്ട, കഴക്കൂട്ടം എന്നീ ഫെറോനകളിലെ 53 കുട്ടികൾക്ക് ഡയറക്ടർ ഫാ. ഡൈസന്റെയും അസി. ഡയറക്ടർ ഫാ. ഇമ്മാനുവലിന്റെയും നേതൃത്വത്തിൽ നവംബർ 5 വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഹാളിൽ വച്ച് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ആദരിക്കുകയുണ്ടായി. അന്നേ ദിവസം ഈ കുട്ടികൾക്ക് സെന്റ്. ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരം ലെ സൗമ്യ ടീച്ചർ മോട്ടിവേഷൻ ക്ലാസ്സ് നൽകുകയുണ്ടായി. അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, വലിയതുറ, കോവളം, പുല്ലുവിള, തൂത്തൂർ എന്നീ ഫെറോനകളിൽ അതിരൂപതയുടെ നേതൃത്വത്തിൽ മെറിറ്റ് അവാർഡ് നൽകി വരുന്നു.

**നൈപുണ്യ പരിശീലനം**

ഐ.സി.ടി. അക്കാദമി നൽകുന്ന കേരള നോളജ് ഇക്കണോമി മിഷൻ സ്കോളർഷിപ്പുള്ള കോഴ്സുകളുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യയിൽ നൈപുണ്യ പരിശീലന കോഴ്സുകളിലേക്ക് രജിസ്റ്റർ ചെയ്യാൻ സംസ്ഥാന സർക്കാർ പദ്ധതിയായ കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്ന 100% വരെയുള്ള സ്കോളർഷിപ്പുകൾ ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റോടു കൂടി കോഴ്സുകൾ പഠിപ്പിക്കുന്നതോടൊപ്പം തൊഴിൽ നേടാനായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും  ചെയ്യുന്ന ഡാറ്റാ സയൻസ് & അനലിറ്റിക്സ്, മെഷിൻ ലേണിംഗ് & ആർട്ടിഫിഷ്യൻ ഇന്റലിജൻസ് സൈബർ സെക്യൂരിറ്റി അനലിസ്റ്റ്, സോഫ്റ്റ് വെയർ ടെസ്റ്റിംഗ്, ഫുൾ സ്റ്റാക്ക് ഡെവപ്മെന്റ് തുടങ്ങിയ 6 മാസം ദൈർഘ്യമുള്ള കോഴ്സുകളുടെ അപേക്ഷ ഇടവക തലത്തിൽ തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ സ്വീകരിച്ചു തുടങ്ങി.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ ക്ലാസ്സ്**

സിവിൽ സർവ്വീസ് മേഖലകളിൽ വിദ്യാർത്ഥികളെ എത്തിക്കുന്ന എന്ന ലക്ഷ്യത്തോടെ ആരംഭിച്ച് ക്ലാസ്സുകൾ എല്ലാ 2–ാം ശനിയാഴ്ചകളിലും ഓഫ്ലൈൻ ക്ലാസ്സ് ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 10 മണി മുതൽ 3.30 വരെ നടത്തി വരുന്നു. അതേ തുടർന്ന് നവംബർ 12 ഇംഗ്ലീഷ് ഗ്രാമർ, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ വിദഗ്ദർ ക്ലാസ്സ് നയിച്ചു. എല്ലാ ശനിയും ഞായറും ഓൺലൈൻ ക്ലാസ്സും സംഘടിപ്പിച്ചു വരുന്നു.

കരിയർ ഗൈഡൻസ് ക്ലാസ്സ് സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നവംബർ 22-ാം തിയതി കോൺഫറനൻസ് ഹാളിൽ വച്ച് ഡയറക്ടർ ഫാ. ഡൈസന്റെയും അസി. ഡയറക്ടർ ഫാ. ഇമ്മാനുവലിന്റെയും നേതൃത്വത്തിൽ ആർ.സി. സ്കൂളുകളിലെ പ്രിൻസിപ്പൽ, ഹെഡ്മിനിസ്ട്രസ് എന്നിവർക്ക് മരിയൻ എൻജിനിയറിംഗ് കോളേജ് മാനേജർ മോൺ. വിൽഫ്രഡിന്റെയും ബർസാർ ഫാ. സുധീഷിന്റെയും അദ്ധ്യക്ഷതയിൽ വിവിധ അക്കാഡമികളുടെ സഹായത്തോടെ കരിയർ സെല്ല് രൂപീകരിച്ചു. സ്കൂൾതലങ്ങളിൽ കരിയർ ഗൈഡൻസ് ക്ലാസ്സുകൾക്ക് അതിരൂത വിദ്യാഭ്യാസ ശുശ്രൂഷ നേതൃത്വം നൽകുവാൻ തീരുമാനമെടുത്തു.

**തൂത്തൂർ ഫൊറോന**

30.10.2022-ൽ ഫൊറോനാ സെന്ററിൽ വച്ച് കോഓഡിനേറ്റർ അച്ചന്റെ അധ്യക്ഷതയിൽ ഫൊറോനാ സമിതി കൂടുകയും തുടർപ്രവർത്തന പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തു.

6.10.2022 ന് തൂത്തൂർ ഇടവക സമിതിയോഗം സംഘടിപ്പിച്ചു. എസ്.എസ്.എൽ.സി., +2 കുട്ടികൾക്ക് മെരിറ്റ് അവാർഡ് ദാനം സംഘടിപ്പിച്ചു.

മാർത്താണ്ഡം ഇടവകയിൽ 21-ാം തിയതി സംഘടിപ്പിച്ചു. 12-ാം ക്ലാസിന് രാവിലെ 11.30 ന് നടത്തിയ ക്ലാസിൽ 225 വിദ്യാർത്ഥികളും 10-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി 2 മണിക്ക് നടത്തിയ ക്ലാസിൽ 155 വിദ്യാർത്ഥികളും പങ്കെടുത്തു. ക്ലാസുകൾ ലീഡ് ചെയ്തത് വിജിൻ മോൻ ഡോ. മാർഷൽ ജോസഫ് രമേശ്, മിസ്. മേരി ഫ്ളോറിഡ എന്നിവരും ആയിരുന്നു. ഇരയിമ്മൻതുറ, ഇ.പി. തുറ, ചിന്നത്തുറ, പൂന്തുറ, വള്ളവിള, മാർത്താണ്ഡം എന്നിവിടങ്ങളിൽ ഇടവക സമിതിയോഗങ്ങൾ സംഘടിപ്പിച്ചു. 15, 22, 8, 18, 20, 19 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

നവംബർ 14-ാം തിയതി പൂന്തുറ പാരിഷിൽ വച്ച് ക്വിസ് മത്സരം സംഘടിപ്പിച്ചു. ഫാ. ബെൻസിഗർ, സി. എലിസബത്ത്, മിസ്. ചന്ദ്ര എന്നിവരാണ് പ്രോഗ്രാം കൺടക്റ്റ് ചെയ്തത്. 78 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.

**വലിയതുറ ഫൊറോന**

ഫൊറോനാസമിതിയോഗം 9.10.2022 ഞായറാഴ്ച 4 മണിക്ക് വലിയവേളിയിൽ വച്ച് കോഓർഡിനേറ്റർ ഫാ. ലെനിൻ ഫെർണാണ്ടസ് ന്റെ അധ്യക്ഷതയിൽ കൂടി. 10 ൽ 8 ഇടവകാംഗങ്ങൾ യോഗ

ത്തിൽ പങ്കെടുത്തു. തുടർപ്രവർത്തന പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു. തിയതി നിശ്ചയിക്കുകയും അതനുസരിച്ച് ഇടവക, ഫെറേന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

പ്ലാൻ ചെയ്തതനുസരിച്ചുള്ള ജി.കെ. കോംപറ്റിഷൻ ഇടവ കതലത്തിൽ 10 ഇടവകയിലും യു.പി., എച്ച്.എസ്., എച്ച്.എസ്.എ സ്., എന്നിങ്ങനെ 3 സെക്ഷൻ ആയി 23.10.2022 ഞായറാഴ്ച 2 മണി മുതൽ 3 മണി വരെ ഒരേ സമയത്ത് അതാത് ഇടവകകൾ നടത്തു കയും കോ-ഓർഡിനേറ്റർ അച്ചൻ വിദഗ്ധ അധ്യാപകരുടെ സഹാ യത്തോടെ തയ്യാറാക്കിയ 50 ചോദ്യങ്ങൾ ഓരോ ഇടവകയിലെയും വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് നല്കുകയും 5 സ്ഥാനം വരെ കരസ്ഥമായ 3 സെക്ഷനുകളും ഉൾപ്പെടെ വിദ്യാർത്ഥികളെ ഫൊറോനതല ജനറൽ ക്വിസ് 8 മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

നവംബർ 6 ഞായറാഴ്ച 2 മണിമുതൽ 5 മണി വരെ തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഫെറോനതല ജി.കെ. മത്സരം സംഘടി പ്പിച്ചു. ഇതിൽ 150 വിദ്യാർത്ഥികളും മാതാപിതാക്കളും ഉൾപ്പെടെ 180 പേർ പങ്കെടുത്തു. ക്വിസ് മത്സരം ലീഡ് ചെയ്ത് പള്ളിത്തുറ സ്കൂളിലെ ഫ്ളോറൻസ് ടീച്ചറും സംഘവുമാണ്.

ഒക്ടോബർ മാസം 4-ാം ശനിയാഴ്ച 4 മണിക്ക് വലിയതുറ ഇടവക സമിതിയോഗം ഫാ. സാബാസ് ന്റെ അധ്യക്ഷതയിൽ കൂടു കയും 22-ാം തീയതി എസ്.എസ്.എൽ.സി., +2 മെരിറ്റ് അവാർഡ് നിർധനരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം എൻഡോ വ്മെന്റ് ന്റെ നേതൃത്വത്തിൽ വൈകുന്നേരം 5 മണിക്ക് നൽകുകയും ഇംഗ്ലീഷ്, മലയാളം, ഹിന്ദി, കണക്ക് എന്നിവയിൽ അക്ഷരാഭ്യാസം കുറഞ്ഞ 8 മുതൽ 10-ാം ക്ലാസ്സുകൾ വരെയുള്ള വിദ്യാർത്ഥികൾക്ക് 16 ക്ലാസുകൾ ക്രമീകരിച്ചു.

സെന്റ് സേവ്യേഴ്സ്, കൊച്ചുതോപ്പ്, തോപ്പ്, വലിയവേളി, വെട്ടുകാട് എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ നടന്നു. 8, 16, 6, 18, 22 എന്നീ ക്രമത്തിൽ അംഗങ്ങൾ ഓരോ ഇടവകയിലും നിന്നും പങ്കെടുത്തു.

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോനയിലെ എല്ലാ ഇടവകയിൽ നിന്നും +2 പഠിക്കുന്ന കുട്ടികളുടെ ഡേറ്റാ കളക്റ്റ് ചെയ്തു. ഈ കുട്ടികൾക്കു വിവിധ കോഴ്സുകളെയും സ്ഥാപനങ്ങളെയും കുറിച്ച് ഗൈഡൻസ് നൽകുന്നതാണ്.

സെന്റ് ആൻഡ്രൂസ് ഇടവകയിലെ +2 പാസ്സായ 13 കുട്ടികൾക്ക് മാർട്ടിൻ മെമ്മോറിയൽ സ്കോളർഷിപ്പ് 5000/- രൂപ വീതം നൽകി.

**പുല്ലുവിള ഫെറോന**

ഒക്ടോബർ 24, നവംബർ 12 എന്നീ തിയതികളിൽ ഫെറോന വിദ്യാഭ്യാസ ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു. ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തുന്ന മെറിറ്റ് അവാർഡ് ദാനം, സൈനീക സ്കൂളുകളിലേക്കും, നവോദയ വിദ്യാലയങ്ങളിലേക്കും പ്രവേശനം ലഭിക്കുന്നതിനായുള്ള എൻട്രൻസ് പരിശീലനം ഇടവകയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നതായിരുന്നു പ്രധാന ചർച്ചാവിഷയം.

ഐ.എ.സ്. നോവൽ തിരുവനന്തപുരവും, പുല്ലുവിള ഫെറോനവിദ്യാഭ്യാസ സമിതിയുടെയും നേതൃത്വത്തിൽ ഇന്തയ ഗവൺമെന്റിന്റെ സൈനീക സ്കൂളിലേക്കും, നവോദയ വിദ്യാലയങ്ങളിലേക്കും 2023 അധ്യയന വർഷത്തേക്കു നടക്കാൻ പോകുന്ന അഡ്മിഷനുള്ള എൻട്രൻസ് കോച്ചിംഗ് നൽകുന്നതാണ്.

നവംബർ 12 ശനിയാഴ്ച 10 മണിക്ക് സൈനീക സ്കൂളിലേക്കും, നവോദയ വിദ്യാലയങ്ങളിലേക്കും അഡ്മിഷൻ നേടാനായി തിരഞ്ഞെടുക്കപ്പെട്ട 20 വിദ്യാഭ്യാർത്ഥികൾക്കായി എൻട്രൻസ് പരിശീലനം ആരംഭിച്ചു. എല്ലാ ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസ്സ് നടത്തി വരുന്നത്.

കെ.ടെറ്റ് പരിശീലനം നവംബർ 13 ന് ആരംഭിച്ചു. 9, റ്റി.റ്റി.സി., ഡി-എഡ്, ബി.എഡ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് കെ.ടെറ്റ് പരിശീലനം തുടങ്ങി.

**മെറിറ്റ് അവാർഡ്ദാനം**

പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി-മെറിറ്റ് അവാർഡ് ദാനം നവംബർ 19 ശനി 3 മണിക്ക് തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ. ഫാ. ഡോ. ഡൈസൺ ഉദ്ഘാടനം ചെയ്തു. ഫെറോനയിലെ വിവിധ ഇടവകകളിലെ എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരേയും, കലാ-കായി- അക്കാദമിക മേഖലകളിൽ മികവ് പുലർത്തിയവരെയും ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതി ആദരിച്ചു. കരുംകുളം സൗഹൃദം ഹാളിൽ നടന്ന ചടങ്ങിൽ 150 വിദ്യാർത്ഥികൾ ആദരവ് ഏറ്റു വാങ്ങി. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിനു സാമ്പത്തിക പിന്തുണയ്ക്ക് അർഹരായ വിവിധ

ഇടവകകളിലെ വിദ്യാർത്ഥികൾക്ക് ചെക്ക് വിതരണം ചെയ്തു. ഫെറോന വിദ്യാഭ്യാസ കോ-ഓർഡിനേറ്റർ റവ. ഫാ. പ്രദീപ് ജോസഫ് അധ്യക്ഷത വഹിച്ച മെറിറ്റ് അവാർഡ് കർമ്മത്തിൽ പുല്ലുവിള ഫെറോന വികാരി റവ. ഫാ. സിൽവസ്റ്റർ, കരുംകുളം ഇടവക വികാരി റവ. ഫാ. അഗസ്റ്റിൻ ജോൺ എന്നിവർ അനുഗ്രഹ പ്രഭാഷണം, ആശംസകൾ നൽകുകയും ചെയ്തു. ഇതിനോടൊപ്പം 'കുട്ടികകളുടെ ലൈംഗിക ചൂഷണങ്ങളും പോക്സോ' നിയമങ്ങളുമായ ബന്ധപ്പെട്ട് അഡ്വ. ഐഷ, വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽകരണം നൽകി.

ലൂർദ്ദുപുരം, കരുംകുളം, പരുത്തിയൂർ, പുല്ലുവിള എന്നീ ഇടവകകളിൽ ഇടവകസമിതിയോഗം കൂട്ടുകയും ഈ മാസത്തെ പ്രവർത്തനങ്ങളുടെ ക്രമീകരണം നടത്തുകയും ചെയ്തു.

പരുത്തിയൂർ, പുല്ലുവിള ഇടവകകളിൽ : 10, +2 വിഭാഗത്തില സി. ബി.എസ്.സി., ഐ.സി.എസ്.സി. വിഭാഗത്തിൽ മികവ് പുലർത്തിയവരേയും, ഹയർ എഡ്യൂക്കേഷൻ മേഖലയിൽ മികവ് പുലർത്തിയരേയും, കലാ കായിക മേഖലകളിൽ മികവ് പുലർത്തിയവരേയും മെറിറ്റ് അവാർഡ് നൽകി ആദരിച്ചു.

**പി.എസ്.സി. പരിശീലനം**

പരുത്തിയൂർ, അടിമലത്തുറ, പുതിയതുറ എന്നീ ഇടവകകളിൽ ശനി, ഞായർ ദിവസങ്ങളിൽ പി.എസ്.സി. പരിശീലനം നൽകുന്നു.

**അടിമലത്തുറ ഇടവക**

10, +2, ഡിഗ്രി തല വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ സെമിനാർ ഒക്ടോബർ 30 ന് നൽകി.

**ഫാ. ഡൈസൺ**
**ഡയറക്ടർ**

# കെ.സി.എസ്.എൽ

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ മാസം 19ആം തിയതി കെ.സി.എസ്.എൽ ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. നിജു അജിത്തിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. തുടർ പ്രവർത്തനങ്ങളായ കെ.സി. എസ്.എൽ. അതിരൂപത കലോത്സവം, ക്രെദോ ക്വിസ് ഫൈനൽ റൗണ്ട് തുടങ്ങിയ പരിപാടികളായിരുന്നു യോഗത്തിന്റെ പ്രധാന ചർച്ചാ വിഷയം. ഓരോ പരിപാടികൾക്കും വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും, പരിപാടികൾ നടത്താൻ വേണ്ട വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**2. സംസ്ഥാനതല സാഹിത്യോത്സവം**

2022 ഒക്ടോബർ 8-ാം തിയതി പട്ടം സെന്റ്. മേരീസ് എച്ച്.എസ്. എസ്. സ്കൂളിൽ വച്ച് നടത്തപ്പെട്ട കെ.സി.എസ്.എൽ. സംസ്ഥാന തല സാഹിത്യോത്സവത്തിൽ (രചന മത്സരങ്ങൾ) ചിത്ര രചന മത്സരത്തിൽ (വാട്ടർ കളറിംഗ്) എച്ച്.എസ്. വിഭാഗത്തിൽ സെന്റ് റോക്സ് എച്ച്.എസ്. തോപ്പ് സ്കൂളിൽ നിന്നുള്ള അഖില ബി.എസ്. ഒന്നാം സ്ഥാനം കരസ്ഥമാക്കി തിരുവനന്തപുരം അതിരൂപത കെ.സി.എസ്.എൽ.ന്റെ അഭിമാനമായി മാറി.

**3. ക്രേദോ ക്വിസ്**

കുട്ടികളിൽ വിശ്വാസം ആഴപ്പെടുത്തുന്നതിനും പൊതുവിജ്ഞാനം വളർത്തുന്നതിന്റെയും ഭാഗമായി തിരുവനന്തപുരം അതിരൂപത കെ.സി.എസ്.എൽന്റെ നേതൃത്വത്തിൽ Credo 2022 സെമിഫൈനൽ റൗണ്ട് ക്വിസ് മത്സരം യു.പി.,എച്.എസ്.,എച്ച്.എസ്.എസ്. എന്നി വിഭാഗങ്ങൾക്കായി നവംബർ 19-ാം തിയതി രാവിലെ 10 മണി മുതൽ 12 മണി വരെ വെള്ളയമ്പലം ടി.എസ്.എസ്.എസ്. ഹാളിൽ ഡയറക്ടർ ഫാ.നിജു അജിത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 26 ടീമുകളിലായി 52 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. മൂന്ന് വിഭാഗങ്ങളിൽ നിന്നും 13 ടീമിനെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. നിജു അജിത്ത്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

## ഹെറിറ്റേജ് കമ്മിഷൻ

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ ആത്മീയ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച മൺമറഞ്ഞ വൈദികരുടെയും അൽമായരുടെയും വിവരശേഖരണം പുരോഗമിക്കുന്നു. പുല്ലുവിള, പാളയം, തൂത്തൂർ ഫെറോനകളിൽ വിവരശേഖരണം ആരംഭിച്ചു കഴിഞ്ഞു. മറ്റു ഫെറോനകളിൽ ഈ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ തുടങ്ങി. ഇതോടൊപ്പം ഭാരത സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുന്ന സമര സേനാനികളുടെ വിവര ശേഖരണം നടന്നു വരുന്നു.

**ഫാ. സിൽവെസ്റ്റർ കുരിശ്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# സാമൂഹ്യ ശുശ്രൂഷ

## I. നീതി സമാധാനം വികസന കമ്മീഷൻ

### 1.1 കാര്യശേഷിവികസന വി ാഗം

1) 08/10/2022 ശനിയാഴ്ച വെള്ളിയമ്പലം റ്റി.എസ്.എസ്.എസ് കാര്യാലയത്തിൽ വച്ച് ഫാ. ആഷ്ലിൻ ജോസിന്റെ അധ്യക്ഷതയിലും അസിസ്റ്റ് ഡയറക്ടർമാരായ ഫാ. സ്റ്റാൻലിൻ ഫെർണാണ്ടസ്, ഫാ. രജീഷ് വി. രാജൻ എന്നിവരുടെ സാന്നിധ്യത്തിലും അതിരൂപതാതല സാമൂഹ്യശുശ്രൂഷ ജനറൽ ബോഡി യോഗം കൂടി. രൂപത അർദ്ധ വാർഷിക വിലയിരുത്തലും റ്റി.എസ്.എസ്.എസ് വാർഷിക കണക്ക് അവതരണവും നടത്തി.

2) 2/10/2022 ന് ഫാ.ഗ്ലാഡിൻ, ഫാ. സ്റ്റാൻലിൻ ഫെർണാണ്ടസ്, രൂപത കോഡിനേറ്റർ ശ്രീമതി ജിസ്മി എന്നിവരുടെ നേതൃത്വത്തിൽ പാളയം ഫെറോന സാമൂഹ്യശുശ്രൂഷയുടെ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ യോഗം നടത്തി 10/18 ഇടവകകളിൽ നിന്ന് 26 പേർ പങ്കെടുത്തു.

3) 9/10/2022 ന് പുതുക്കുറിച്ചിയിൽ റവ. ഫാ. ആഷ്ലിൻ ജോസ്, റവ. ഫാ. പോൾ ജി. രൂപത കാര്യശേഷി വികസന വിഭാഗം കോഡിനേറ്റർ ശ്രീമതി ലീജ എന്നിവരുടെ നേതൃത്വത്തിൽ അർദ്ധവാർഷിക വിലയിരുത്തൽ നടന്നു. 11 ഇടവകകളിൽ നിന്ന് 42 പേർ പങ്കെടുത്തു.

4) 1/10/2022 വലിയതുറ ഫെറോനയിൽ റവ. ഫാ. ആഷ്ലിൻ ജോസ് റവ. ഫാ. സാബാസ് ഇഗ്നേഷ്യസ്, രൂപത കോഡിനേറ്റർ ശ്രീ. കെവിൻ എന്നിവരുടെ നേതൃത്വത്തിൽ അർദ്ധ വാർഷിക വിലയിരുത്തൽ നടന്നു. 9/10 ഇടവകകളിൽ നിന്നായി 41 പേർ പങ്കെടുത്തു.

5) 01/10/2022 തൂത്തൂർ ഫെറോനയിൽ റവ. ഫാ. ആഷ്ലിൻ ജോസ്, ഫാ. ക്ലീറ്റസ് തോമസ്, രൂപതാ കോഡിനേറ്റർ സിസ്റ്റർ സ്വപ്ന എന്നിവരുടെ സാന്നിധ്യത്തിൽ അർദ്ധവാർഷിക വിലയിരുത്തൽ യോഗം നടന്നു. 15 പേർ പങ്കെടുത്തു.

6) 15/10/2022 പുല്ലുവിള ഫെറോനയിൽ റവ. ഫാ. ആന്റോ ജോറിസ്, രൂപതാ കോഡിനേറ്റർ സിസ്റ്റർ സുജ തോമസ്

എന്നിവരുടെ നേതൃത്വത്തിൽ അർദ്ധവാർഷിക വിലയിരുത്തൽ യോഗം നടന്നു. 12/15 ഇടവകകളിൽ നിന്നായി 52 പേർ പങ്കെടുത്തു.

7) 30/10/2022 ന് അഞ്ചുതെങ്ങ് ഫെറോനയിൽ റവ. ഫാ. ആഷ്ലിൻ ജോസ്, റവ. ഫാ. ബീഡ് മനോജ്, രൂപത കോഡിനേറ്റർ ശ്രീമതി ലീജ സ്റ്റീഫൻ എന്നിവരുടെ സാന്നിധ്യത്തിൽ അർദ്ധ വാർഷിക വിലയിരുത്തൽ നടന്നു. 08/10 ഇടവകകളിൽ നിന്നായി 48 പേർ പങ്കെടുത്തു.

8) പുല്ലുവിള ഫെറോനയിൽ 14/15 ഇടവകകളിലും അഞ്ചുതെങ്ങ് 07/10, പേട്ട 07/09 പാളയം 11/18, പുതുക്കുറിച്ചി 09/11, തൂത്തൂർ 04/08, വലിയതുറ 08/10, കോവളം 07/14, ഇടവകകളിലും ഉൾപ്പെടെ 67 ഇടവകകളിൽ സാമൂഹ്യശുശ്രൂഷയുടെ എക്സിക്യൂട്ടീവ് യോഗങ്ങൾ കൂടി.

9) 02/10/2022 ന് കോവളം ഫെറോന, 16/10/2022 ന് പാളയം, 30/10/2022 പുതുക്കുറിച്ചി, 1/10/2022 ന് വലിയതുറ, 2/10/2022 ന് പേട്ട ഫെറോനയിലും ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ ഫെറോന വൈദിക കോഡിനേറ്റർമാരായ ഫാ. ജനസ്റ്റിൻ, ഫാ.ഗ്ലാഡിൻ അലക്സ്, ഫാ.പോൾ.ജി, ഫാ. സാബാസ് ഇഗ്നേഷ്യസ്, ഫാ. ജെറാൾഡ് സാവിയോ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

10) തൂത്തൂർ, പുല്ലുവിള, കോവളം, വലിയതുറ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് ഫെറോനകളിൽ ഫെറോന പ്രവർത്തക യോഗം കൂടി. മുൻമാസപ്രവർത്തനങ്ങൾ വിലയിരുത്തുകയും തൻമാസ പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുകയും ചെയ്തു.

11) പേട്ട ഫെറോന സാമൂഹ്യശുശ്രൂഷ സമിതി അക്കൗണ്ടിലേക്ക് പ്രവർത്തന ഫണ്ടായി 25000 രൂപ നൽകി.

12) ഫീൽഡ് തല പ്രവർത്തകർക്കായി ഹിന്ദി ഭാഷാ പരിശീലനം റ്റി.എസ്.എസ്.എസ് കാര്യാലയത്തിൽ ആരംഭിച്ചു.

13) 13/10/2022 ൽ സ്റ്റഡി സെക്ഷൻ അതിജീവന സമരപ്പന്തലിൽ സംഘടിപ്പിച്ചു. റ്റി. എസ്. എസ്. എസിലെ എല്ലാ സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

14) സെക്ഷൻ തല പ്രവർത്തനങ്ങളുടെ റിവ്യൂ യോഗങ്ങൾ സെക്ഷൻ തലവന്മാരുടെ നേതൃത്വത്തിൽ ഒക്ടോബർ 26, 27, 28 തീയതികളിൽ സംഘടിപ്പിച്ചു.

15) മേഖലാതല ആനിമേറ്റർമാരുടെ യോഗവും മേഖലാതല പ്രവർത്തന റിപ്പോർട്ടവതരണവും 20/10/2022 റവ. ഫാ. ആഷ്‌ലിൻ ജോസിന്റെ നേതൃത്വത്തിൽ നടത്തി.
16) സെക്ഷൻ തലവന്മാരുടെ യോഗം 4/10/2022 റവ. ഫാ. ആഷ്‌ലിൻ ജോസ്, റവ. ഫാ. സ്റ്റാലിൻ എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള പ്രവർത്തനങ്ങൾ പ്ലാൻ & ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി.
17) അതിജീവന സമരത്തിൽ 6/10/2022 ൽ വലിയതുറ ഫെറോനയിലെ വനിതകളെയും, 7/10/2022 ൽ പുതുക്കുറിച്ചി ഫെറോന, 8/10/2022 കോവളം ഫെറോന, 9/10/2022 അഞ്ചുതെങ്ങ് ഫെറോന, 10/10/2022 പുല്ലുവിള, 11/11/2022 ന് പാളയം 12/10/2022 ന് പേട്ട, കഴക്കൂട്ടം ഫെറോന വനിതകളെ സംഘടിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്തു.
18) 04/10/2022, 10/10/2022, 16/10/2022, 26/10/2022, 29/10/2022 തീയതികളിൽ സാമൂഹ്യ ശുശ്രൂഷ സ്റ്റാഫ് അംഗങ്ങളെ മെസ് ഡ്യൂട്ടിക്കായി ക്രമീകരിക്കുകയും മെസ്സ് ഡ്യൂട്ടി ചെയ്യുകയും ചെയ്തു.
19) 05/10/2022 പുതുക്കുറിച്ചി ഫെറോന വനിതകൾ അതിജീവന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സെൻറ് ആൻഡ്രൂസ് ഹാളിൽ വച്ച് ഫെറോന വികാരിയുടെ നേതൃത്വത്തിൽ കൂടുകയും വിഷയ അവതരണം നടത്തുകയും ചെയ്തു.

**1.2 സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

1) പ്രതിമാസ അവലോകന ആസൂത്രണ മീറ്റിങ്ങുകൾ സംഘം/ ഇടവക/ ഫെറോന തലത്തിൽ അതാത് ഭാരവാഹികളുടെ നേതൃത്വത്തിലും ഫെറോന കോഡിനേറ്റർമാരുടെ സാന്നിധ്യത്തിലും നടത്തപ്പെട്ടു.
2) സ്ത്രീശാക്തീകരണപദ്ധതി പ്രദേശങ്ങളായ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള ഫെറോനകളിൽ ആണത്തം എന്ന വിഷയത്തിന്മേൽ പ്രവർത്തകർക്കുള്ള പരിശീലനവും തുടർന്നുള്ള ചർച്ചകളും സംഘതലത്തിൽ നടത്തി.
3) സംരംഭകത്വമൊരുക്കൽ പരിശീലനങ്ങൾ വിവിധ ഫെറോനകളിലായി സ്വയം സഹായ സംഘങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

4) കേക്ക് നിർമ്മാണം, സോപ്പ് /സർഫ്/ ലോഷൻ നിർമ്മാണം, കുട നിർമ്മാണം, അച്ചാർ നിർമ്മാണം എന്നിങ്ങനെ വിവിധ പരിശീലനങ്ങൾ നടത്തപ്പെട്ടു.

5) ശക്തി സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി 2 ലക്ഷം രൂപ വീതം ബാങ്കിന്റെ സഹായത്തോടുകൂടി 17 സംഘങ്ങൾക്ക് നാളിതു വരെ ലോൺ അനുവദിക്കപ്പെട്ടു.

6) കൊച്ചി ആസ്ഥാനമായുള്ള നിഫാറ്റ് സെൻററിൽ നിന്ന് പരിശീലകരെത്തി ഒക്ടോബർ 11, 12, 13 തീയതികളിലായി 18 സ്ത്രീകൾക്ക് അടിമലത്തുറയിൽ വെച്ച് മത്സ്യ സംസ്കരണത്തെയും വിവിധ വി വങ്ങളുടെ പാചകരീതികളെക്കുറിച്ചും ത്രിദിന പരിശീലനം നടന്നു.

7) ഡിസംബർ മാസത്തിൽ നടക്കേണ്ടുന്ന പുതിയ നേതൃത്വം തിരഞ്ഞെടുക്കൽ പ്രക്രിയയ്ക്കായി സംഘങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ നടപടികൾ പുരോഗമിക്കുന്നു.

8) സമകാലീന വിഷയങ്ങളും വാർത്തകളും ഉൾപ്പെടുത്തി ഉണർവ് പഠനപത്രിക സംഘങ്ങൾക്ക് എത്തിച്ചു.

**1.3 കുടുംബോദ്ധാരണ പദ്ധതി (സേവ് എ ഫാമിലി )**

1) കോവളം, പുല്ലുവിള, വലിയതുറ ഫെറോനകളിൽ ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ച് ആ വർഷത്തെ തുക വിനിയോഗത്തെ ക്കുറിച്ച് ബോധവൽക്കരണം നടത്തി.

2) കോവളം, പുല്ലുവിള, വലിയതുറ ഫെറോനകളിലെ 39 കുടും ബങ്ങൾ സന്ദർശിച്ച് സ്വയം തൊഴിൽ സംരം ഠ വിലയിരു ത്തുകയും ഈ വർഷത്തെ ആക്ടിവിറ്റി പ്ലാൻ തയ്യാറാക്കി സബ്മിറ്റ് ചെയ്തു.

3) കോവളം ഫെറോനയിലെ 17 പുതിയ കുടുംബങ്ങളെ സന്ദർശിക്കുകയും കുടുംബോദ്ധാരണ പദ്ധതിയിൽ അംഗത്വം നൽകുകയും ചെയ്തു.

4) 16 completion report തയ്യാറാക്കി അയച്ചു.

5) സാമ്പത്തിക ബുദ്ധിമുട്ടുമൂലം തുടർപഠനം നടത്താൻ കഴി യാതിരുന്ന രണ്ടു കുട്ടികൾക്ക് പഠന സാഹചര്യം ഒരുക്കി കൊടുത്തു.

**1.4 ഓഖി പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

**ഓഖി സേവ് എ ഫാമിലി**

1) കോവളം, പുല്ലുവിള, വലിയതുറ ഫെറോനകളിൽ ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ചു.

2) കോവളം, പുല്ലുവിള, വലിയതുറ ഫെറോനകളിലെ 38 ഗുണഭോക്താക്കളുടെ yearly ആക്ടിവിറ്റി പ്ലാൻ തയ്യാറാക്കി.
3) ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ വിവരങ്ങൾ ഫോണിലൂടെ ശേഖരിച്ചു.

**ഓഖി കുടുംബോദ്ധാരണ പ്രവർത്തനങ്ങൾ**

1) വലിയതുറ ഫെറോനയിലെ 10 ഗുണഭോക്താക്കൾക്ക് ഫണ്ട് വിഡ്രോവൽ ഫോം നൽകി.
2) പുല്ലുവിള ഫെറോനയിൽ പള്ളം ഇടവകയിലെ ഗുണഭോക്താവ് ബെൽസിറ്റയ്ക്ക് വന പുനരുദ്ധാരണത്തിനായി 40000/- രൂപ നൽകി.
3) കോവളം ഫെറോനയിൽ പൂവ്വാർ ഇടവകയിലെ രാജു എന്ന വ്യക്തിക്ക് വന പുനരുദ്ധാരണത്തിനായി 40000/- രൂപ നൽകി.

## IBC പ്രോജക്ട്

സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കുന്നതിന്റെ ഭാഗമായി കആഇ പ്രോജക്ട് വഴി സ്വയം തൊഴിൽ ചെയ്യാൻ താൽപര്യമുള്ള ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പാളയം -4, പേട്ട-7, തൂത്തൂർ-4, പുല്ലുവിള-4, കോവളം-10, വലിയതുറ-6, പുതുക്കുറിച്ചി -5, അഞ്ചുതെങ്ങ് -5 വനങ്ങൾ സന്ദർശിക്കുകയും അവരെ വിവിധ തൊഴിലുകൾക്കായി സഹായം നൽകുന്നതിനായി തിരഞ്ഞെടുക്കുകയും ചെയ്തു.

**1.5 കാരൂണ്യപൂർവം**

1) 01/10/2022 ൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് ഫെറോന കോർഡിനേറ്റർ റവ. ഫാ. ജെനസ്സസിന്റെ അദ്ധ്യക്ഷതയിൽ കോവളം ഫെറോന ഗുണഭോക്താക്കളുടെയും, 23/10/2022 ൽ കൊയ്ത്തൂർക്കോണം ഇടവകയിൽ വച്ച് ഫെറോന കോർഡിനേറ്റർ റവ. ഫാ. സ്റ്റാലിൻ ഫെർണാണ്ടസിന്റെ അദ്ധ്യക്ഷതയിലും, ഫെറോന വികാരി റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ സാന്നിദ്ധ്യത്തിലും കഴക്കൂട്ടം ഫെറോന ഗുണഭോക്താക്കളുടെയും, 30/10/2022 ൽ കുമാരപുരം ഇടവകയിൽ വച്ച് ഫെറോന കോർഡിനേറ്റർ റവ. ഫാ. ജെറാൾഡ് സാവിയോയുടെ അദ്ധ്യക്ഷതയിലും പേട്ട ഫെറോന ഗുണഭോക്താക്കളുടെയും ഫെറോനതല യോഗങ്ങൾ കൂടി. ഓരോ അംഗങ്ങളെയും വൈദീകർ വ്യക്തിപരമായി പരിചയപ്പെടുകയും അവർ ചെയ്തു വരുന്ന സ്വയം

തൊഴിലുകളെ ചോദിച്ചറിഞ്ഞ് വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോർഡിനേറ്റർ ശ്രീമതി രമ്യ ജോസിന്റെയും, റീജിയണൽ ആനിമേറ്റർമാരുടെയും സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

സമന്വയ

2) ഭവന സന്ദർശനം - പുല്ലുവിള ഫെറോനയിലെ ഗുണഭോക്താക്കളുടെ വനം സന്ദർശിച്ചു. പദ്ധതിയിൽ പുതുതായി തിരഞ്ഞെടുക്കുന്നതിന് ല ിച്ച അപേക്ഷകളിന്മേൽ തൂത്തൂർ ഫെറോനയിലെ 5 വനങ്ങൾ, കഴക്കൂട്ടം ഫെറോനയിലെ 2 വനങ്ങൾ പാളയം ഫെറോനയിലെ 3 വനങ്ങൾ റീജിയണൽ ആനിമേറ്റർമാരുമായി ചേർന്ന് സന്ദർശനം നടത്തി.
3) പാളയം ഫെറോനയിലെ ഒരു ഗുണഭോക്താവ് 6 വർഷകാലാവധി പൂർത്തിയാക്കി അക്കൗണ്ട് ക്ലോസ് ചെയ്തു. 14945 രൂപയും പിൻവലിച്ചു. കൂടാതെ പുതുക്കുറിച്ചി-1, കഴക്കൂട്ടം -1 ക്രമത്തിൽ 2 പേർ സ്വയം തൊഴിലുകൾ വിപുലീകരിക്കുന്നതിനായി 20,000 രൂപയും ഫണ്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ചു.

**1.6 സാമൂഹ്യസുരക്ഷ പദ്ധതി (ലോക് മഞ്ച്)**

1) പോക്കറ്റ്തലത്തിൽ യോഗം കൂടുകയും പുതിയ ആണത്വം , ഉത്തരവാദിത്വത്തോടുകൂടിയ മത്സ്യബന്ധനം എന്ന വിഷയങ്ങളിൽ അവബോധം നൽകുകയും ചെയ്തു.
2) 24/10/2022 ൽ സി.എൽ.എസ്.(കമ്മ്യൂണിറ്റി ലീഡേഴ്സ്) അംഗങ്ങൾക്ക് ഉത്തരവാദിത്വത്തോടുകൂടിയ മത്സ്യബന്ധനം എന്ന വിഷയത്തിന്മേൽ ട്രെയിനിംഗ് നൽകി.
3) പദ്ധതിയുടെ ഭാഗമായി പുല്ലുവിള ഫെറോനയിലെ കുടുംബപ്രശ്നങ്ങളാൽ പിരിഞ്ഞുകഴിഞ്ഞിരുന്ന 2 കുടുംബങ്ങളെ സി.എൽ.എസ്. അംഗങ്ങൾ കണ്ടെത്തുകയും ആ കുടുംബങ്ങൾക്ക് കൗൺസിലിംഗ് നൽകിവരികയും ചെയ്യുന്നു.
4) പൂവ്വാർ പഞ്ചായത്തിലെ കുടുംബശ്രീയുമായി ചേർന്നുകൊണ്ട്. 9,10 വാർഡുകളിലെ 60 വയസിനുമുകളിലുള്ള വയോധികരെ ഒരുമിച്ച് കൂട്ടി 5 ആൺ 5 പെൺ എന്ന ക്രമത്തിൽ ഒരു എസ്.എച്ച്.ജി വീതം 20 എസ്.എച്ച്.ജികൾ രൂപീകരിക്കുകയും സീറോ ബാലൻസ് ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്യുകയും തുടർന്ന് കുടുംബശ്രീ വഴി ഈ വയോധികർക്ക് 1 എസ്.എച്ച്.ജി ക്ക് 10000 രൂപ വിധം സബ്സിഡി ഇനത്തിൽ

വായ്പ ല ിക്കാനുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് കുടുംബശ്രീ ഓഫീസിൽ നൽകി.

**പുതുക്കുറിച്ചി**

1) 2/10/2022, 25/10/2022 എന്നീ തീയതികളിൽ 12, 13, 10 എന്നീ പോക്കറ്റുകളിൽ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധം നൽകി.
2) 11/10/2022, 27/10/2022 എന്നീ തീയതികളിൽ 85, 84, 94 എന്നീ അംഗൻവാടികൾ സന്ദർശിച്ച് പ്രവർത്തന നിലവാരം വിലയിരുത്തി, കൗമാരപ്രായക്കാരായ കുട്ടികൾക്ക് വർണ്ണകൂട്ടം എന്ന പേരിൽ ഓരോ മാസവും വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി വരുന്നു.
3) 24/10/2022 ൽ 360, 161, 8, 14, 170, 5, 131, 296, 197 എന്നീ നമ്പറുകളിൽപ്പെട്ട റേഷൻകടകൾ സന്ദർശിച്ച് പ്രവർത്തന നിലവാരം വിലയിരുത്തിവരുന്നു.
4) സ്വന്തമായി വിഷവിമുക്തമായ പച്ചക്കറി കൃഷിചെയ്യുന്നതിലൂടെ നല്ല ആരോഗ്യം എന്ന ബോധ്യപ്പെടുത്തലിന്റെ വെളിച്ചത്തിൽ കൃഷി വനിൽ നിന്നും വിത്തുകൾ ശേഖരിക്കുകയും അടുക്കളത്തോട്ട നിർമ്മാണം അവ പോക്കറ്റുകളിൽ വിതരണം ചെയ്യുകയും ചെയ്തു.
5) 09/10/2022, 28/10/2022 എന്നീ തീയതികളിൽ ഫാത്തിമാപുരം പോക്കറ്റിലെ കുട്ടികൾക്കായി ലഹരിമമരുന്നിന്റെ ഉപയോഗങ്ങളും ദൂഷ്യവശങ്ങളും, ഇവ എങ്ങനെ ഭാവിതലമുറയുടെ ജീവിതത്തെ ബാധിക്കുന്നുവെന്ന് അവബോധം നൽകി.

## II. തൊഴിൽ കാര്യ കമ്മീഷൻ

1) 15/10/2022 ൽ TSSS ൽ വച്ച് KLM തൊഴിൽകാര്യ കമ്മീഷൻ രൂപത മീറ്റിംഗ് നടന്നു.
2) 24/10/2022 ൽ KLM 'DESIRE PROJECT' ന്റെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കും മാതാപിതാക്കന്മാർക്കുമായുള്ള വിനോദയാത്ര വേളി ടൂറിസ്റ്റ് വില്ലേജിൽ വച്ച് സംഘടിപ്പിച്ചു. 32 പേർ പങ്കെടുത്തു.
3) പാളയം (9/10/2022), വലിയതുറ ( 9/10/2022), പുല്ലുവിള ( 15/10/2022), അഞ്ചുതെങ്ങ് (16/10/2022) എന്നീ ഫെറോനകളിൽ തൊഴിൽക്കാര്യ കമ്മീഷൻ ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.

4) പുതുക്കുറിച്ചി (24/10/2022), കോവളം (23/10/2022) എന്നീ ഫെറോനകളിൽ 2 തൊഴിൽക്കാര്യ കമ്മീഷൻ ഫെറോന ജനറൽ ബോഡി യോഗങ്ങൾ നടന്നു.

5) 42 ഇടവകകളിൽ KLM ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.

6) പരുത്തിയൂർ, കൊല്ലംകോട്, പൂവാർ, പള്ളം, പുതിയതുറ ഇടവകകളിൽ തയ്യൽ തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.

7) 2/10/2022 ൽ പരുത്തിയൂർ ഇടവകയിൽ മോട്ടോർ വാഹന തൊഴിലാളി ഫോറം യോഗം നടന്നു.

8) കൊച്ചുതുറ, പൂത്തുറ ഇടവകകളിൽ പുതിയ ഗഘങ യൂണിറ്റുകൾ രൂപീകരിച്ചു.

## III. ആരോഗ്യ കാര്യ കമ്മീഷൻ

1) അതിരൂപതയിലെ വിവിധ ഫെറോനകളിൽ വയോജന ദിനാഘോഷം നടത്തി സമ്മാനങ്ങൾ നൽകി വലിയതുറ ഫെറോനയിൽ 125 കിറ്റും നൽകി.

01/10/2022 പുല്ലുവിള 150 വയോധികർ പങ്കെടുത്തു.

08/10/2022 പള്ളം 26 വയോധികർ പങ്കെടുത്തു

09/10/2022 വെണ്ണിക്കോട് 62 വയോധികർ പങ്കെടുത്തു.

14/10/2022 പൂവാർ 102 വയോധികർ പങ്കെടുത്തു.

16/10/2022 തൃക്കണ്ണാപുരം 18 വയോധികർ പങ്കെടുത്തു.

22/10/2022 ഇരയിമ്മൻതുറ 55 വയോധികർ പങ്കെടുത്തു.

22/10/2022 കൊച്ചുതുറ 24 വയോധികൾ പങ്കെടുത്തു.

23/10/2022 മാർത്താണ്ഡതുറ 150 വയോധികൾ പങ്കെടുത്തു.

2) വയോധികരുടെ ഫെറോന സംഗമങ്ങൾ 16/10/2022 ന് തൂത്തൂരിലും, 22/10/2022 ന് കോവളത്തും, 29/10/2022 ന് പേട്ടയിലും 29/10/2022 ന് വലിയതുറയിലും നടത്തി. 200, 75 എന്നീ ക്രമത്തിൽ വയോധികൾ പങ്കെടുത്തു.

3) 24/10/2022 പാളയം ഫെറോനയിൽ ഹെൽത്ത് ക്ലബ്ബ് മീറ്റിംഗ് നടത്തി.

4) ഭിന്നശേഷി കുട്ടികൾക്കായി കെ.എൽ.എം.ന്റെ കീഴിൽ വിനോദയാത്ര സംഘടിപ്പിച്ചു.

5) പുതുക്കുറിച്ചി ഫെറോനയിൽ റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ പള്ളിത്തുറ സ്കൂളിൽ സി. എസ്. ഐ. മിഷൻ ഹോസ്പിറ്റലിന്റെ സഹായത്തോടെ 250 കുട്ടികൾക്ക്

കണ്ണ്, പല്ല്, ചെവി എന്നിവ പരിശോധിക്കുകയും 13 കുട്ടികളെ കാഴ്ചക്കുറവുള്ളതായി കണ്ടെത്തി തുടർ ചികിത്സയ്ക്ക് ശുപാർശ ചെയ്തു.

6) സെപ്റ്റംബർ മാസം 18-ാം തീയതി മണക്കാട് ഇടവകയിൽ നേത്ര പരിശോധന ക്യാമ്പിൽ 10 അംഗങ്ങൾക്ക് കണ്ണാടി വയ്ക്കാൻ ഡോക്ടർ നിർദ്ദേശിച്ചതിൽ പ്രകാരം സ്പോൺസറിന്റെ സഹായത്തോടെ നിർധനരായ 10 പേർക്ക് കണ്ണട വാങ്ങി നൽകി.

7) 23/10/2022 ന് അഞ്ചുതെങ്ങ് ഫൊറോനയിലെ പൂത്തുറ ഇടവകയിൽ വയോജന ഫോറം രൂപീകരിച്ചു.

8) 02/10/2022 പള്ളിത്തുറ ഇടവകയിൽ ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി 127 പേർ പങ്കെടുത്തു. 2/10/2022 ന് നീരോടി ഇടവകയിൽ ആയുർവേദം/ഹോമിയോ/യൂനാനി യോഗ മെഡിക്കൽ ക്യാമ്പ് നടത്തി 117 പേർ പങ്കെടുത്തു. 9/10/2022 ന് മുട്ടട ഇടവകയിൽ നേത്ര പരിശോധന ക്യാമ്പ് നടത്തി 103 പേർ പങ്കെടുത്തു. 10/10/2022 അഞ്ചുതെങ്ങ് ഫെറോനയിൽ പൂത്തുറ അംഗൻവാടിയിൽ വച്ച് ക്യാൻസർ നിർണയ ക്യാമ്പ് നടത്തി 49 പേർ പങ്കെടുത്തു രണ്ടുപേരെ തുടർ ചികിത്സയ്ക്ക് അയച്ചു. 11/10/2022 ന് പൂവാർ ഇടവകയിൽ ആർ.ടി. ഐ/എസ്. ടി. ഐ./യു.റ്റി.ഐ ക്യാമ്പ് നടത്തി 56 പേർ പങ്കെടുത്തു. 11/10/2022 ന് മാർത്താണ്ഡംതുറ ഇടവകയിൽ പി. എച്ച്. എസിയിൽ വച്ച് ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തി 49 പേർ പങ്കെടുത്തു രണ്ടുപേരെ തുടർ ചികിത്സയ്ക്ക് അയച്ചു. 16/10/2022 ന് മാർത്താണ്ഡംതുറ ഇടവകയിൽ ജനറൽമെഡിക്കൽ ക്യാമ്പ് നടത്തി 111 പേർ പങ്കെടുത്തു. 17 പേരെ തുടർ ചികിത്സയ്ക്ക് റഫർ ചെയ്തു. 30/10/2022 ന് ഇ.പി തുറയിൽ ഇടവകയിൽ നേത്ര പരിശോധന ക്യാമ്പ് നടത്തി 147 പേർ പങ്കെടുത്തു. 13 പേർക്ക് പകുതി വിലയ്ക്ക് കണ്ണട നൽകി. രണ്ടുപേരെ സർജറിക്ക് അയച്ചു.

9) 06/10/2022 തൈക്കാട് ഇടവകയിലും 17/10/2022 വലിയതുറ ഇടയിലും 23/10/2022 വിഴിഞ്ഞം ഇടവകയിലും വയോമിത്രം ക്യാമ്പ് നടത്തി. 97, 47, 48 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

10) 11/10/2022, 19/10/2022 പള്ളിത്തുറ, പുതുക്കുറിച്ചി ഇടവകകളിലെ 3 അംഗൻവാടികളും 15/10/2022 പാളയം ഇടവകയിലെ 45-ാം നമ്പർ അംഗൻവാടിയും 25/10/2022 പൂന്തുറ ഇടവകയിലെ 87 -ാം നമ്പർ അംഗൻവാടിയും സന്ദർശിച്ചു.



11) പുതുക്കുറിച്ചി ഫെറോനയിൽ മൂന്ന് ക്യാൻസർ രോഗികളുടെ ഭവനവും പേട്ടഫെറോനയിൽ നാല് കിടപ്പ് രോഗികളുടെ ഭവനവും, തൂത്തൂർ ഫെറോനയിൽ അഞ്ച് കിടപ്പുരോഗികളുടെ വനവും സന്ദർശിച്ചു.

## IV. സ്ത്രീകളും കുട്ടികളും

### 4.1 (a,b) ചൈൽഡ് പാർലമെന്റ്

1) ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് റ്റി.എസ്.എസ്.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന 22 നഴ്സറികളിലും ഈ ദിനം ആഘോഷിച്ചു.
2) വിവിധ കലാപരിപാടികളും ശുചീകരണപ്രവർത്തനങ്ങളിലും അദ്ധ്യപകരും വിദ്യാർത്ഥികളും നേതൃത്വം നൽകുന്നു.
3) ചൈൽഡ് പാർലമെന്റുകൾ ഗാന്ധിജയന്തി ആഘോഷിച്ചു.
4) പുല്ലുവിള, പേട്ട, കോവളം, വലിയതുറ, അഞ്ചുതെങ്ങ്, പാളയം, പുതുക്കുറിച്ചി ഫെറോനകളിലെ വിവിധ ചൈൽഡ്പാർലമെൻറ് മന്ത്രിമാർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ആഘോഷിച്ചു. ദേവാലയങ്ങളും പരിസരങ്ങളും വൃത്തിയാക്കി മന്ത്രിമാർ ഈ ദിനത്തെ അർത്ഥപൂർണ്ണമാക്കി.
5) പുലുവിള, ഫെറോനയിലെ പുതിയതുറ, കരുങ്കുളം, പാർലമെൻറ് മന്ത്രിമാർ ലഹരിക്കെതിരെ പോസ്റ്റർ പ്രദർശനം നടത്തി. വർദ്ധിച്ചുവരുന്ന ലഹരിക്കെതിരെ സമീപപ്രദേശങ്ങളിലെ കടകളിൽ ലഹരിവസ്തുക്കൾ വിൽക്കുന്നത് തടയാനായി ബോധവൽക്കരണം നൽകി.
6) തൂത്തൂർ ഫെറോനയിലെ 7 പാർലമെന്റുകളിൽ നിന്ന് വിജയികളായവർക്ക് ഫൈനൽ ക്വിസ് പ്രോഗ്രാം ഫെറോനതലത്തിൽ നടത്തി. 7 ഗ്രൂപ്പുകളിലായി 14 കുട്ടികൾ പങ്കെടുത്തു. വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.
7) പുല്ലുവിള ഫെറോനയിൽ നമ്പ്യാതി ഇടവകയിൽ പുതുതായി പാർലമെൻറ് രൂപീകരിച്ചു.
8) ലഹരിക്കെതിരെ നടപ്പിലാക്കുന്ന സർക്കാർ പദ്ധതിയായ യോദ്ധാവിനെ പിന്തുണച്ച് ചൈൽഡ് പാർലമെൻറ്

മന്ത്രിമാർക്ക് ലഹരിക്കെതിരെ ബോധവൽക്കരണം ക്ലാസുകൾ സംഘടിപ്പിച്ചു. നഴ്സറി സെന്ററുകളിലും ബോധവൽക്കരണം നടത്തി

4.1 (c) ചൈൽഡ് ലൈൻ

1) 08/10/2022 ന് അഞ്ചുതെങ്ങ് സെന്റ്ജോസഫ് സ്കൂളിലെ അധ്യാപകർക്കായി ചൈൽഡ്ലൈൻ സേവനങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ സംരക്ഷണം എന്നീ വിഷയങ്ങളിന്മേൽ ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ നവ്യടെന്നിസണും ടീം അംഗം എബിൻദാസും ചേർന്ന് ക്ലാസ് നയിച്ചു. 40 അധ്യാപകർ പങ്കെടുത്തു.

2) 7-10-2022 ന് തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ ജില്ലാതല കൺവർജൻസ് യോഗം ചേർന്നു. കുട്ടികളുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ, സർക്കാരിതരസംഘടനാ പ്രതിനിധികൾ പങ്കെടുത്തു. കുട്ടികളുടെ പെരുമാറ്റത്തിലെമാറ്റം, പ്രായപൂർത്തിയാകാത്തവരിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നത്, ജില്ലയിലെ ശിശുസംരക്ഷണ പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ എന്നിവ ചർച്ച ചെയ്തു.

3) കുളത്തൂർ, പൂവാർ, കരകുളം എന്നീ പഞ്ചായത്തുകളിലെ വില്ലേജ്തല ബാലസംരക്ഷണ സമിതികളിൽ ചൈൽഡ്ലൈൻ പ്രവർത്തകർ പങ്കെടുത്തു.

4) അഞ്ചുതെങ്ങ് പഞ്ചായത്ത് വാർഡ്തല ബാലസംരക്ഷണസമിതികളുടെ രൂപീകരണവും ശാക്തീകരണവും പദ്ധതിയുടെ ഭാഗമായി 14 വാർഡിലെയും മുതിർന്നവർക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പ്രോബ്ലം ട്രീ അനാലിസിസിൽ കണ്ടെത്തിയവിഷയങ്ങളിന്മേൽ ടീം അംഗങ്ങൾ ക്ലാസുകൾ നയിച്ചു.

5) 15/10/2022 ന് ലോക കൈകഴുകൽ ദിനാചരണത്തിന്റെ ാഗമായി കുടപ്പനക്കുന്ന് അങ്കണവാടിയിലെ കുട്ടികൾക്കായി ബോധവൽക്കരണപരിപാടി നടത്തി. ചൈൽഡ്ലൈൻ ടീം അംഗങ്ങളായ ആതിര എസ്. ആർ, അലീന ഫ്രെഡി എന്നിവർ കുട്ടികളുമായി ഇടപഴകിക്കൊണ്ട് പരിപാടി നയിക്കുകയും കുട്ടികൾക്കും രക്ഷിതാക്കൾക്കും

കൈശുചിത്വത്തിന്റെ പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു.

6) ചൈൽഡ്‌ലൈൻ ബോധവൽക്കരണത്തിന്റെ ാഗമായി ഗവ.ഹൈസ്കൂൾ ചെറ്റച്ചൽ, പൂവാർ ഗ്രാമപഞ്ചയാത്ത് ഓഫീസ്, ഗവ.യു. പി സ്കൂൾ പൊഴിയൂർ, പൂവാർ അങ്കണവാടി (സെന്റർ നമ്പർ 19) എന്നിവിടങ്ങളിൽ വിസിബിലിറ്റി പോസ്റ്ററുകൾ സ്ഥാപിച്ചു.

7) അന്താരാഷ്ട്ര ബാലികാ ദിനത്തിന്റെ ാഗമായി ചെറ്റച്ചൽ ഗവ.ഹൈസ്കൂളിൽ വഴികാട്ടി എന്ന പേരിൽ ഒരു ബോധവൽക്കരണ പരിപാടി നടത്തി. ചൈൽഡ്‌ലൈൻ സെന്റർ കോർഡിനേറ്റർ ശ്രീമതി നവ്യടെന്നിസൺ അന്താരാഷ്ട്ര ബാലികാ ദിനത്തെക്കുറിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികളുടെ അവകാശങ്ങളും സൈബർസുരക്ഷയും എന്ന വിഷയത്തിന്മേൽ ടീം അംഗങ്ങളായ അനീഷ്, കരുണാനിധി എന്നിവർ ക്ലാസുകൾ നയിച്ചു. 70 വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

8) 18/10/2022 ന് MSW വിദ്യാർത്ഥികൾക്കായി (കഎ്വചഛഡ) ചൈൽഡ്‌ലൈനിന്റെ സേവനങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണ സെഷൻ നടത്തി. ചൈൽഡ് ലൈൻ ടീം അംഗം കരുണാനിധി ക്ലാസ് നയിച്ചു. പരിപാടിയിൽ 30 പേർ പങ്കെടുത്തു.

9) 25/10/2022 ന് പൊഴിയൂർ ഗവ. എച്ച്.എസ്.എസ്.എസ് സ്കൂളിലെ കുട്ടികൾക്കായി സൈബർസുരക്ഷ , മയക്കുമരുന്ന്ദുരുപയോഗം എന്നീ വിഷയങ്ങളിന്മേൽ ചൈൽഡ് ലൈൻ ടീം അംഗങ്ങളായ ജിഷവേണുഗോപാൽ, അലീന ഫ്രെഡി എന്നിവർ ക്ലാസുകൾ നയിച്ചു. പരിപാടിയിൽ 40 കുട്ടികൾ പങ്കെടുത്തു.

10) 25/10/2022 ന് പൂവാർ അങ്കണവാടിയിലെ (സെന്റർ നമ്പർ 19) കുട്ടികൾക്കായി ബോധവൽക്കരണ പരിപാടി നടത്തി. ചൈൽഡ് ലൈൻ കൗൺസിലർ ജിഷവേണുഗോപാൽ ചൈൽഡ് ലൈൻ അവബോധം , ഗുഡ്ടച്ച്, ബാഡ്ടച്ച് എന്നീ വിഷയങ്ങളിന്മേൽ ക്ലാസ് നയിച്ചു.

11) 25/10/2022 ന് MSW വിദ്യാർത്ഥികൾക്കായി (സെന്റ് തോമസ് കോളേജ്, കോന്നി) ചൈൽഡ് ലൈനിന്റെ സേവനങ്ങളെക്കുറിച്ചും

സമന്വയ

പ്രവർത്തനങ്ങളെ ക്കുറിച്ചും ബോധവൽക്കരണ സെഷൻ നടത്തി. ചൈൽഡ് ലൈൻ ടീം അംഗം ആതിര ക്ലാസ് നയിച്ചു. പരിപാടിയിൽ 18 പേർ പങ്കെടുത്തു.

12) 2710.2022 ന് വിതുര പഞ്ചായത്തിലെ പൊടിയകാല ആദിവാസിസെറ്റിൽ മെന്റിലെ മുതിർന്നവർക്കായി ബോധവൽക്കരണ പരിപാടി നടത്തി. കുട്ടികളുടെ ദുരുപയോഗവും സംരക്ഷണവും , ബാലാവകാശങ്ങളും ചൈൽഡ് ലൈൻ സേവനങ്ങളും എന്നീവിഷയങ്ങളിന്മേൽ ചൈൽഡ് ലൈൻ ടീം അംഗങ്ങളായ അലീന ഫ്രെഡി, ആതിര, അനീഷ് എന്നിവർ ക്ലാസുകൾ നയിച്ചു. പരിപാടിയിൽ 70 പേർ പങ്കെടുത്തു.

**4.3 സ്ത്രീശാക്തീകരണം വലിയതുറ**

1) പദ്ധതി പ്രവർത്തകരുടെ മാസ യോഗം 29/10/2022 ന്, വലിയതുറ കമ്മ്യൂണിറ്റി ഹോളിൽ വച്ച് നടന്നു.

2) SHG ലോക്കൽ ഫെഡറേഷൻ മീറ്റിംഗ് പൂന്തുറ, ബീമാപള്ളി, ചെറിയതുറ, സെന്റ് സേവിയേഴ്സ്, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 12/10/2022, 24/10/2022, 21/10/2022, 11/10/2022, 28/10/2022, 19/10/2022 തീയതികളിൽ നടന്നു.

3) SHG റീജിണൽ ഫെഡറേഷൻ യോഗം 26/10/2022, 10 മണിക്ക് ചെറിയതുറയിൽ വെച്ച് നടന്നു.

4) മത്സ്യകച്ചവട സ്ത്രീകളുടെ മാസ യോഗങ്ങൾ പൂന്തുറ, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 16/10/2022, 31/10/2022, 02/10/2022, 30/10/2022 എന്നീ തീയതികളിൽ നടന്നു.

5) മത്സ്യ കച്ചവട സ്ത്രീകളുടെ ഫെഡറേഷൻ യോഗം 16/10/2022 ന്, 2:00 pm, വലിയതുറ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്നു.

6) ചന്തകൾ സന്ദർശിച്ചു, ആവശ്യാനുസരണം കോർപ്പറേഷനിൽ മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ ഫലമായി, follow up ഈ മാസം നടത്തി.

7) പുരുഷ സ്വയംസഹായ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ യോഗം, ഈ മാസം വലിയതുറ ഇടവകയിൽ 29/10/2022 നടന്നു.

8) കൗമാരപ്രായക്കാരുടെ ഫോറം ശക്തിപ്പെടുത്തൽ പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 08/10/2022, 24/10/2022, 16/10/2022, 02/10/2022, 30/10/2022 തീയതികളിൽ നടന്നു.

9) കൗമാരപ്രായക്കാർക്കായുള്ള തെരുവ് നാടക പരിശീലനം ഈ മാസം 22/10/2022, 23/10/2022, 24/10/2022 TSSS ൽ വെച്ച് നടന്നു.

10) ഇടവകതലത്തിൽ സ്ത്രീ കൂട്ടായ്മ ശക്തിപ്പെടുത്തൽ പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചു തോപ്പ് എന്നീ ഇടവകകളിൽ 19/10/2022, 23/10/2022, 28/10/2022, 29/10/2022, 31/10/2022 തീയതികളിൽ നടന്നു.

11) തെരഞ്ഞെടുക്കപ്പെട്ട 100 സ്ത്രീകൾക്ക് ഓർഗാനിക് ഗാർഡൻ പരിശീലനം 18/10/2022, 19/10/2022, 20/10/2022 എന്നീ തീയതികളിൽ നടന്നു.

12) തിരഞ്ഞെടുക്കപ്പെട്ട 20 സ്ത്രീകൾക്ക് മത്സ്യ സംസ്കരണ ഉൽപ്പന്നങ്ങളുടെ പരിശീലനം 11/10/2022, 12/10/2022, 13/10/2022 എന്നീ തീയതികളിൽ നടത്തി.

13) തദ്ദേശസ്വയം രണം സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ മനസ്സിലാക്കുന്ന സൂചികകൾ തയ്യാറാക്കലും നിരീക്ഷണവും 1/10/2022, 3:00 ജ്ങ വലിയതുറ കമ്മ്യൂണിറ്റി ഹോളിൽ വെച്ച് നടന്നു.

**സ്ത്രീശാക്തീകരണം അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള)**

1) അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നീ പദ്ധതി പ്രദേശങ്ങളിൽ 3 സ്ത്രീകൂട്ടായ്മയുടെ രൂപീകരണവും പുല്ലുവിളയിൽ ശാക്തീകരണവും നടത്തി.

2) പദ്ധതി പ്രദേശങ്ങളായ അഞ്ചുതെങ്ങ്, പുതിയതുറ എന്നീ ഇടവകളിലെ

64 മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ വ്യതിയാനം, തീരശോഷണം എന്നീ വിഷയങ്ങളിൽ അവബോധം നൽകി.

3) പദ്ധതി പ്രദേശത്തെ 10 ഇടവകകളിലെ തിരഞ്ഞെടുക്കപ്പെട്ട 371 കൗമാര കുട്ടികൾക്ക് ആണത്തം എന്ന വിഷയത്തിലുള്ള അവബോധം നൽകി.

4) പദ്ധതി പ്രദേശമായ അഞ്ചുതെങ്ങിൽ 24 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.

5) പദ്ധതി പ്രദേശത്തെ സ്വയം സഹായ സംഘങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് പഞ്ചായത്ത് പദ്ധതികളിലെ ലിംഗനീതി കാഴ്ചപ്പാട് നിരീക്ഷിക്കുവാനും വിലയിരുത്തുവാനുമുള്ള പരിശീലനം നടത്തി.

6) അഞ്ചുതെങ്ങ് പദ്ധതി പ്രദേശത്തെ തിരഞ്ഞെടുക്കപ്പെട്ട 15 സ്ത്രീകൾക്ക് അഡ്വാൻസ്ഡ് തയ്യൽ പരിശീലനം നടത്തി വരുന്നു.

## V. പ്രവാസി

1) രൂപത ഹെൽപ്പ് ഡെസ്കിന്റെയും സ്പോൺസർമാരുടെയും സഹായത്തോടെയും പൂന്തുറ എസ് എം ബ്ലോക്കിലുള്ള 18 അതിഥി തൊഴിലാളികൾക്ക് 1500 രൂപയുടെ ഫുഡ് കിറ്റ് നൽകി.

2) 30 വയസ്സായ വെസ്റ്റ് ബംഗാൾ സ്വദേശിയായ അതിഥി തൊഴിലാളി പാളയം ഫെറോനയുടെ ഏരിയയിൽ ജോലി ചെയ്തു വരികയും ജോലികഴിഞ്ഞ് വീട്ടിലെത്തിയശേഷം ബിപി കൂടി അബോധാവസ്ഥയിൽ വീണു പെട്ടെന്ന് തന്നെ അറ്റാക്ക് സം വിക്കുകയും മരണപ്പെടുകയും ചെയ്തു. ആനിമേറ്ററുടേയും കിസ്മത്തിന്റെയും ഇടപെടലുകൾ കൊണ്ട് ബോഡി ട്രിവാൻഡ്രം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തി. സ്വന്തം നാട്ടിൽ എത്തിക്കുന്നതിനും സാധിച്ചു. ഡെത്ത് ക്ലെയിം കിട്ടുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) തൂത്തൂർ, കഴക്കൂട്ടം ഒഴികെ 7 ഫെറോനകളിലും ഫെറോനാ സമിതിയുടെ കൂടി വരവ് രണ്ടുമാസത്തിലൊരിക്കൽ. ആനിമേറ്റർമാരുടെയും ഹെൽപ്പ് ഡെസ്കിന്റെയും ഇടപെടലുകളിലൂടെ 55 പേരെ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളാക്കി.

4) കുടുംബ പ്രശ്നങ്ങളും മദ്യം ലഹരിവസ്തുക്കൾ ഉപയോഗിച്ച് തിരിച്ചുവരാൻ ആഗ്രഹിക്കുന്ന 22 പേർക്ക് ഹെൽപ്പ് ഡെസ്കിന്റെ സഹായത്തോടെ കൗൺസിലിംഗ് നൽകി സഹായിച്ചു.

5) തിരുവനന്തപുരം രൂപതയിലും മറ്റു പല രൂപതകളിലും നിന്ന് വ്യാജ വിസയിൽ നിന്നും രക്ഷപ്പെടുത്തി 88 ലക്ഷം രൂപ സേവ് ചെയ്യാൻ സാധിച്ചു.

6) രൂപത ഹെൽപ്പ് ഡെസ്കിന്റെ സഹായത്തോടെ രോഗിയായ ഒരു തിരുവനന്തപുരം സ്വദേശിക്കും ഒരു കണ്ണൂർ സ്വദേശിക്കും മസ്കറ്റ് മലയാളി അസോസിയേഷന്റെയും സുമനസ്സുകളുടെയും

സഹായത്തോടെ ലിസി ഹോസ്പിറ്റലിൽ ഹൃദയശസ്ത്രക്രിയ നടത്തുവാൻ സാധിച്ചു.

സമന്വയ

7) നിർധനരായ മൂന്ന് പെൺകുട്ടികളെ സ്പോൺസർമാരുടെ സഹായത്തോടെ വലിയതോപ്പ് സെൻറ് റോക്സ് സ്കൂളിൽ ടിടിസിക്ക് അഡ്മിഷൻ നേടികൊടുത്തു.
8) രൂപത ഹെൽപ്പ് ഡെസ്കിന്റെ ഇടപെടലിലൂടെ നേമത്തുള്ള ഒരു വ്യക്തിയുടെ രണ്ട് പെൺകുട്ടികളുടെ വിവാഹത്തിൻറെ എക്സ്പെൻസ് കുറച്ചുകൊണ്ട് നിർധനരായ മൂന്ന് പെൺകുട്ടികളെ നഴ്സിംഗ് പഠിപ്പിക്കാൻ (ഹോളിക്രോസ് കൊട്ടിയം) സഹായിക്കുമെന്ന് ആ വ്യക്തി വാഗ്ദാനം നൽകുകയും അഡ്മിഷൻ എടുക്കുകയും ചെയ്തു.
9) തിരുവനന്തപുരം രൂപതയിലെ പല ഇടവകയിൽ നിന്നും ഏജൻറ് വഴി വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തിരുന്ന മാനസികമായി ബുദ്ധിമുട്ട് അനു വിക്കുന്ന 12 പേരെയും പല എംബസികളുടെയും സഹായത്തോടെ സ്വഭാവങ്ങളിൽ എത്തിച്ചു.

## VI. മദ്യവിരുദ്ധ/പരിസ്ഥിതി കമ്മീഷൻ

### 6.1 മദ്യവിരുദ്ധ പ്രവർത്തനങ്ങൾ

1) 15/10/2022 ൽ മദ്യം/ലഹരി കമ്മീഷന്റെ രൂപത തല യോഗം TSSS ൽ വച്ച് നടന്നു.
2) വിഴിഞ്ഞം, വലിയതുറ, പൂന്തുറ, പള്ളം, പുതുക്കുറിച്ചി, മുട്ടട, മാമ്പള്ളി ഇടവകകളിൽ ഇടവക ലഹരി കമ്മീഷൻ പ്രതിനിധികളുടെ നേതൃത്വത്തിൽ ഗ്രാമദീപം പ്ലാനിങ് യോഗം നടന്നു.
3) വലിയതുറ, കൊച്ചുതോപ്പ്, പള്ളം ഇടവകകളിൽ ഗ്രാമദീപം പ്രവർത്തനങ്ങൾ നടന്നുവരുന്നു.
4) കാരക്കമണ്ഡപം, ആഴാകുളം, പെരിങ്ങമല, വവ്വാമൂല, വിഴിഞ്ഞം, കുന്നിൻപുറം, പുഷ്പഗിരി ഇടവകകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
5) അഞ്ചുതെങ്ങ്, വിഴിഞ്ഞം ഇടവകകളിൽ A.A ഗ്രൂപ്പ് യോഗങ്ങൾ കൂടി.
6) പൂത്തുറ, അഞ്ചുതെങ്ങ്, ഇരയമൻതുറ, പള്ളം, വലിയതുറ ഇടവകകളിൽ മുക്തി ധ്യാനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ വനങ്ങൾ സന്ദർശിച്ചു.

7) 23/10/2022 ൽ വെരി. റവ. ഡോ. എം. സൂസപാക്യം പിതാവ് പൂന്തുറ, താഴമ്പള്ളി, അഞ്ചുതെങ്ങ് ഇടവകളിലെ മുക്തി ധ്യാനത്തിൽ പങ്കെടുത്തവരുടെ വനങ്ങൾ ഇടവക വികാരിമാരുടെയും മുക്തി ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ സന്ദർശിച്ചു.

8) പള്ളം, വലിയതുറ ഇടവകകളിൽ ലഹരിവസ്തുക്കൾ വിൽക്കുന്ന കടകൾ സന്ദർശിച്ച് താക്കീത് നൽകി.

**6.2 പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

1) 15/10/2022 ൽ TSSS ൽ വച്ച് പരിസ്ഥിതി കമ്മീഷൻ രൂപത തല യോഗം നടന്നു.

2) തൃക്കണ്ണപുരം, വലിയതുറ ഇടവകകളിൽ ഇടവക തല പരിസ്ഥിതി സംരക്ഷണ സമിതി യോഗം നടന്നു.

3) കാക്കമൂല, പൂന്തുറ, അരയതുരുത്തി, ഫാത്തിമപുരം, പള്ളിത്തുറ ഇടവകകളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

4) നമ്പ്യാതി, ചെറിയതുറ, വലിയതുറ, സെന്റ്. സേവ്യേഴ്സ്, മുട്ടട ഇടവകകളിൽ ജൈവകൃഷി പരിശീലനവും വിത്ത് & ഗ്രോ ബാഗും നൽകി.

5) മൂങ്ങോട്, അരയത്തുരുത്തി, വെന്നിക്കോട്, പൂന്തുറ ഇടവകകളിലെ വിദ്യാലയങ്ങളിൽ ജൈവകൃഷി ആരം ിച്ചു.

6) വെന്നിക്കോട്, കുമാരപുരം, പുഷ്പഗിരി ഇടവകകളിൽ പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

**ഫാ. ആഷ്‌ലിൻ ജോസ്**
**ഡയറക്ടർ**

## മത്സ്യമേഖല ശുശ്രൂഷ

മത്സ്യത്തൊഴിലാളി ദിനാഘോഷം 27-ാം തീയതി നടത്തണമെന്ന് ഫെറോന കോർഡിനേറ്റർ അറിയിക്കുകയുണ്ടായി.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

നവംബർ 22 ഫെറോനായോഗം നടന്നു. യോഗത്തിൽ മത്സ്യത്തൊഴിലാളി ദിനാഘോഷത്തിൽ പങ്കെടുക്കണമെന്ന് അറിയിച്ചു. യൂണിറ്റ് യോഗങ്ങൾ 20 ൽ 16 നടന്നു.

**മാർക്കറ്റ് വിസിറ്റ്**

നവംബർ 9ന് വർക്കല, പഴയചന്ത, പുന്നമൂട്, കടയ്ക്കാവൂർ, നിലയ്ക്കാമുക്ക്, ചിറയിൻകീഴ്, പണ്ടകശാല, വലിയകട എന്നീ മാർക്കറ്റുകൾ വിസിറ്റു ചെയ്തു. നിലവിലുള്ള അവസ്ഥകൾ മനസ്സിലാക്കി.

സമന്വയ

**ജനറൽ ബോഡി യോഗങ്ങൾ**

നവംബർ 22ന് അഞ്ചുതെങ്ങിൽ വച്ച് ശ്രീമതി ലീജ ഗ്രാമ സഭയെക്കുറിച്ചു ക്ലാസ് നയിച്ചു. നവംബർ 27ന് മത്സ്യക്കച്ചവട സ്ത്രീക ളുടെ യോഗങ്ങൾ മാമ്പള്ളി, ചമ്പാവ് ഇടവകകളിൽ നടന്നു.

**ഓഡിറ്റിംഗ്**

നവംബർ 16ന് രൂപതാ ഓഡിറ്റിംഗ് ശ്രീമതി ജോളിയുടെ നേതൃത്വത്തിൽ നടന്നു.

**പുല്ലുവിള ഫൊറോന**

മത്സ്യത്തൊഴിലാളികളുടെ കൺവീനേഴ്സ്മാരുടെ ഫൊറോനാ മീറ്റിംഗ് നവംബർ 12ന് 5 മണിക്ക് കൊച്ചുതുറ വച്ചു കൂടുകയുണ്ടായി. അജണ്ട മത്സ്യതൊഴിലാളി ദിന ആചരണത്തെ ക്കുറിച്ചും ഐ.ബി.സി. 2-ാം ഘട്ട പദ്ധതിയുടെ ഭാഗമായി വലയും വള്ളവും 5 പേരെ, 3 പേർ ചേർത്തു ചെയ്യുന്ന ഒരു ടീമിനു 1,50,000 രൂപ നൽകുമെന്നും ഒരു ഫൊറോനയിലെ ഒരു ടീമിനാണു നൽകു ന്നതെന്നും അറിയിച്ചു.

ഫിഷ് വെന്റിംഗ് യൂണിറ്റ് മീറ്റിംഗ് 20 ൽ 8 നടന്നു. വൈ.എം. സി. ഹാളിൽ വച്ച് വിഴിഞ്ഞം സമരവുമായ ബന്ധപ്പെട്ട് മത്സ്യതൊഴി ലാളികളുടെ 7 ഇനം ആവശ്യവുമായി ബന്ധപ്പെട്ട് മത്സ്യതൊഴിലാളി കളും ഐക്യദാണ്ഡും പ്രഖ്യാപിക്കുന്നതിനായി എല്ലാ മത്സയതൊ ഴിലാളികളെയും, മത്സ്യതൊഴിലാളി സ്ത്രീകളെയും പങ്കെടുപ്പിച്ചു. ചന്ത സന്ദർശനം നടത്തുകയുണ്ടായി. പ്രോജക്റ്റിന്റെ ഭാഗമായി ഡിസംബർ 25 സ്ത്രീകൾക്ക് എതിരെയുള്ള അന്താരാഷ്ട്ര ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി 76 ദിന ക്യാംപയിൻ നടത്തുതിനു കച്ചവട സ്ത്രീകളെയും മത്സ്യതൊഴിലാളികളെയും പങ്കെടുപ്പിച്ചു മീറ്റിംഗ് നടത്തുകയുണ്ടായി. കൊല്ലങ്കോട് 16 പുരുഷ എസ്.എച്ച്. ജി. കൾക്ക് ആഡിറ്റിംഗ് ചെയ്തു ലോൺ വർക്ക് നടത്തി വരുന്നു.

## കോവളം ഫൊറോന

**ഫൊറോനയോഗം**

നവംബർ 13ന് ആഴാകുളം ഫൊറോനാ സെന്ററിൽ വച്ച് ഫൊറോനാ കോഡിനേറ്റർ ഫാ. വിക്ടർ എവരിസ്റ്റസ് ന്റെ അധ്യക്ഷ തയിൽ റ്റി.എം.എഫ്., ഫിഷേഴ്സ് സംയുക്ത യോഗം കൂടി. മത്സ്യ ത്തൊഴിലാളി ദിനം, മത്സ്യത്തൊഴിലാളികളെ ആദരിക്കൽ എന്നിവ യെക്കുറിച്ച് ചർച്ച ചെയ്തു.

**മത്സ്യത്തൊഴിലാളി ദിനാഘോഷം**

നവംബർ 21ന് മുല്ലൂർ സമരപ്പന്തലിൽ വച്ച് ഫെറോന വികാരി ഫ്രഡിസോളമൻ അച്ചന്റെ അധ്യക്ഷതയിൽ ആരംഭിച്ച മത്സ്യത്തൊഴിലാളി ദിനാഘോഷം മോൺ. യൂജിൻ എച്ച്. പെരേര ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഷാജിൻ ജോസച്ചൻ ആശംസ അർപ്പിച്ചു. 50 മത്സ്യത്തൊഴിലാളികളേയും മത്സ്യക്കച്ചവട സ്ത്രീകളേയും ആദരിച്ചു.

**യൂണിറ്റ് യോഗങ്ങൾ**

15, 19 എന്നീ തീയതികളിൽ വിഴിഞ്ഞം, പൂന്തുറ ഇടവകയിൽ റ്റി.എം.എഫ്, ഫിഷ് വെന്റിംഗ് , ഫിഷറീസ് മിനിസ്ട്രിയുടെ സംയുക്ത എക്സിക്യൂട്ടീവ് യോഗം കൂടി. യോഗത്തിൽ ഇടവക മത്സ്യത്തൊഴിലാളി ദിനാഘോഷം ചർച്ച ചെയ്തു തീരുമാനിച്ചു.

20-ാം തീയതി പൂന്തുറ ഇടവകയും 27-ാം തീയതി വിഴിഞ്ഞം ഇടവകയിലും മത്സ്യത്തൊഴിലാളിദിനം ആഘോഷിച്ചു. എല്ലാ മത്സ്യബന്ധന ഉപകരണങ്ങളില കെട്ടാൻ കൊടി വിതരണം ചെയ്തു.

**മത്സ്യക്കച്ചവട സ്ത്രീഫോറം യൂണിറ്റ് യോഗങ്ങൾ**

4 ൽ 4 യൂണിറ്റ് യോഗം കൂടി. മത്സ്യത്തൊഴിലാളിദിനം, ചന്ത വിസിറ്റ് എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

**ലോൺ വിതരണം**

പൂന്തുറ, വിഴിഞ്ഞം ഇടവകയിലെ 4 അംഗങ്ങൾക്ക് 1,45,000 രൂപ ലോൺ വിതരണം ചെയ്തു.

മാർക്കറ്റ് വിസിറ്റ്

22-ാം തീയതി ചാല, കുമരിചന്ത എന്നീ മാർക്കറ്റുകൾ വിസിറ്റ് ചെയ്തു.

**തൂത്തൂർ ഫെറോന**

ഫിഷറീസിന്റെ ഫെറോന മീറ്റിംഗ് നവംബർ 20ന് പ്രസിഡന്റുകളുടെ നേതൃത്വത്തിൽ ആരംഭിക്കുകയും പിന്നെ മീൻ വിൽക്കുന്നതിനെക്കുറിച്ചും അവിടെ ചന്തകളുടെ പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. 8 ൽ 8 മീറ്റിംഗ് നടത്തുകയും ചെയ്തു. ഇരയിമ്മൻതുറ ഇടവകയിൽ മത്സ്യത്തൊഴിലാളികളുടെ മീറ്റിംഗ് ഫാദർ അസിസിയുടെ നേതൃത്വത്തിൽ നവംബർ 19ന് നടത്തുകയും അവിടെ ഇടവകയുടെ പ്രത്യേകിച്ച് അവർ നവംബർ 20 ന് ആഘോഷിക്കുകയും ചെയ്തു. ഇ.പി. തുറ ഇടവകയിൽ ഫാ. രാജേഷിന്റെ നേതൃത്വത്തിൽ മത്സ്യക്കച്ചവടം സ്ത്രീകൾക്കും പുരുഷൻമാർക്കും

കളികൾ സംഘടിപ്പിച്ച് നടത്തുകയും പിന്നെ സമ്മാനവും നൽകുകയുണ്ടായി. നവംബർ 21ന് ഫെറോന തലത്തിൽ ഫിഷറീസ് ഡേ മാർത്താണ്ഡൻതുറ ഇടവകയിൽ വച്ച് എല്ലാ ജനങ്ങളും ഒരുമിച്ച് കൂടി. റവ. ഡോ. ക്രിസ്തുദാസ് ബിഷപ്പ് ന്റെ നേതൃത്വത്തിൽ മാസ് നടത്തുകയും മാസ് കഴിഞ്ഞ് ഇടവകകാരുടെയും പ്രോഗ്രാമും കടൽ വെഞ്ചരിപ്പും ഉണ്ടായിരുന്നു.

**പുതുക്കുറിച്ചി ഫെറോന**

**ഫെറോനയോഗം**

13-ാം തീയതി പള്ളിത്തുറ ഇടവകയിൽ വച്ച് നടന്നു. 27-ാം തീയതി മത്സ്യത്തൊഴിലാളി ദിനം ഇടവകയിൽ വച്ചു നടത്താൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളെ ആദരിക്കാനും തീരുമാനിച്ചു. മത്സ്യമേഖല ശുശ്രൂഷാ സമിതിയുടെ മീറ്റിംഗ് പള്ളിത്തുറ, തുമ്പ, ഫാത്തിമാപുരം, ശാന്തിപുരം, വെട്ടുതുറ, മര്യനാട് എന്നീ ഇടവകകളിൽ നടന്നു. ഇടവക തലത്തിൽ ദിവ്യബലി നടത്തി. മത്സ്യബന്ധന യാനങ്ങൾ, കടൽ വെഞ്ചരിച്ച്, മത്സ്യത്തൊഴിലാളികളെ ആദരിച്ചും മത്സ്യത്തൊഴിലാളിദിനം ആഘോഷിക്കാൻ തീരുമാനിച്ചു.
മത്സ്യക്കച്ചവട സ്ത്രീ ഫോറം 8 ൽ 8 നടന്നു. മത്സ്യത്തൊഴിലാളി ദിനത്തെക്കുറിച്ചുള്ള അറിയിപ്പു നൽകി. ചിറ്റാറ്റുമുക്ക്, കഴക്കൂട്ടം എന്നീ മാർക്കറ്റുകൾ വിസിറ്റ് ചെയ്തു കഴക്കൂട്ടം മാർക്കറ്റിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പരാതി തയ്യാറാക്കി കഴക്കൂട്ടം സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ന് നിവേദനം കൊടുക്കുകയും ചെയ്തു.

മത്സ്യത്തൊഴിലാളി ദിനം 27-ാം തിയതി തുമ്പ ഇടവകയിൽ വച്ച് മത്സ്യത്തൊഴിലാളി ദിനം ആഘോഷിച്ചു. 18 മത്സ്യത്തൊഴിലാളികളെയും മത്സ്യക്കച്ചവട സ്ത്രീകളെയും പൊന്നാടയിട്ട് ആദരിക്കുകയും പ്രോഗ്രാമുകൾ നടത്തുകയും ചെയ്തു.

**ഫാ. ഷാജിൻ ജോസ്**
**ഡയറക്ടർ**

## അല്മായ ശുശ്രൂഷ

**അല്മായ ശുശ്രൂഷ ആനിമേറ്റേർസ് യോഗം**

2022 നവംബർ 5-ാം തിയതിയും 18-ാം തിയതിയും ഡയറക്ടർ റവ. ഫാ. മൈക്കൾ തോമസിന്റെ അദ്ധ്യക്ഷതയിൽ ഫെറോന ആനിമേറ്റർമാരുടെ യോഗം കൂടുകയുണ്ടായി. യോഗത്തിൽ കഴിഞ്ഞ

മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും അടുത്ത മാസം ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണം നൽകുകയും ചെയ്തു.

KLCA, KLCWA എന്നീ സമുദായ സംഘടനകളുടെ രൂപീകരണവും KLCA ഇലക്ഷനും നടക്കുന്നു. നിലവിൽ നാൽപതോളം ഇടവകകളിൽ KLCA ഇലക്ഷൻ പൂർത്തിയായി. ബാക്കി ഇടവകകളിൽ അതിന്റെ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ഇലക്ഷനുമായി ബന്ധപ്പെട്ട് 23-ാം തിയതി ഫാ. മൈക്കൾ തോമസ് ആനിമേറ്റേസിന് മാർഗ്ഗരേഖയുടെ ഒരു പവർ പോയിന്റ് ക്ലാസ് എടുത്തു.

**ഫെറോനതലം**

**അഞ്ചുതെങ്ങ് ഫെറോന**

13-ാം തിയതി അഞ്ചുതെങ്ങ്, മുങ്ങോട് എന്നീ ഇടവകയിലും 16-ാം തിയതി പൂത്തുറ ഇടവകയിലും KLCA തെരഞ്ഞെടുപ്പ് നടന്നു. ഭക്തസംഘടനകൾ, വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നിവയുടെ കൂടിവരവ് നടന്നുവരുന്നു. 20-ാം തിയതി കൊമ്പ്രിയ സഭ അംഗങ്ങളുടെ മീറ്റിംഗ് നടന്നു.

**പുതുക്കുറിച്ചി ഫെറോന**

ഇടവകകൾ സന്ദർശിച്ച് KLCA, KLCWA രൂപീകരിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയും ഓരോ ഇടവകയിലും ഉള്ള ഭക്തസംഘടനകളുടെ ലിസ്റ്റ് KLCA ഭാരവാഹികളുടെ ലിസ്റ്റ് എന്നിവ ശേഖരിക്കുകയും ചെയ്തു. 13-ാം തിയതി തുമ്പ ഇടവകയിൽ വച്ച് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഏര്യാ കൗൺസിൽ മീറ്റിംഗ് നടന്നു. 13-ാം തിയതി പള്ളിത്തുറ, സെന്റ് ആൻഡ്രൂസ് എന്നീ ഇടവകകളിൽ വച്ച് ലീജിയൻ ഓഫ് മേരിയുടെ കുരിയ മീറ്റിംഗ് നടന്നു. പള്ളിത്തുറ, തുമ്പ, മര്യനാട്, ശാന്തിപുരം, പുതുക്കുറിച്ചി എന്നീ 5 ഇടവകകളിൽ KLCA രൂപീകരിച്ചു. ഫെറോനയിലെ എല്ലാ ഇടവകയിലെയും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ സജീവമായി നടക്കുന്നു.

**പേട്ട ഫെറോന**

സമുദായ സംഘടനാ തെരഞ്ഞെടുപ്പുമായ് ബന്ധപ്പെട്ട് എല്ലാ ഇടവകകൾക്കും സർക്കുലർ നൽകുകയും ഇടവകകളിൽ KLCA, KLCWA എന്നീ സമുദായ സംഘടനകൾ രൂപീകരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ ഇടവക വികാരിക്കും മറ്റ് സമിതി

പ്രവർത്തകർക്കും നൽകുകയും അതനുസരിച്ച് വികാസ്നഗർ, ചെറുവയ്ക്കൽ, കുന്നിൻപുറം, പോങ്ങുംമൂട് എന്നീ ഇടവകകളിൽ സംഘടനകൾ രൂപീകരിച്ച് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ഓഫീസിൽ എത്തിക്കുകയും ചെയ്തു.

**പാളയം ഫെറോന**

മണക്കാട്, തൈക്കാട്, പൂഴിക്കുന്ന്, കുടപ്പനക്കുന്ന്, വെള്ളയമ്പലം, വട്ടിയൂർക്കാവ്, ക്രിസ്തുരാജപുരം, മുടവൻമുകൾ, പാളയം എന്നീ ഇടവകയിൽ KLCA അംഗത്വം പുതുക്കലും, തെരഞ്ഞെടുപ്പും നടത്തി ഇടവക KLCA സമിതി രൂപീകരിച്ചു. 13-ാം തിയതി തൃക്കണ്ണാപുരം ഇടവകയിൽ ഫാ. സനീഷിന്റെ അദ്ധ്യക്ഷതയിൽ ഇടവക സമിതി യോഗം നടന്നു. KLCA രൂപീകരണത്തിന്റെ ചർച്ചകൾ നടത്തി. 27-ാം തിയതി ശുശ്രൂഷ സമിതി ഇലക്ഷനോടൊപ്പം നടത്താൻ തീരുമാനിച്ചു. മുടവൻമുകൾ, പാളയം, തൃക്കണ്ണാപുരം, നന്ദൻകോട്, എന്നീ ഇടവകകളിലെ കർമ്മലീത്ത സഭയുടെ പ്രവർത്തനങ്ങൾക്ക് കാർമ്മൽ ആശ്രമത്തിലെ വൈദീകരും ബ്രദേഴ്സും നേതൃത്വം നൽക്കുന്നു. കുടപ്പനക്കുന്ന് ഇടവകയിൽ ഫ്രാൻസിസ്ക്കൻ 3-ാം സഭയുടെ പ്രവർത്തനങ്ങൾക്ക് കപ്പൂച്ച്യൻ വൈദീകർ നേതൃത്വം നൽകുന്നു. കിള്ളിപ്പാലം, കുലശേഖരം, ക്രിസ്തുരാജപുരം, മുടവൻമുകൾ, നന്ദൻകോട്, വെള്ളയമ്പലം, പാളയം, തൃക്കണ്ണാപുരം, പൂഴിക്കുന്ന്, വട്ടിയൂർക്കാവ് എന്നീ ഇടവകകൾ സന്ദർശിച്ച് KLCA അംഗത്വം സ്വീകരിച്ചവരുടെയും ഭക്തസംഘടനകളുടെയും ലിസ്റ്റ് ശേഖരിച്ചു.

**വലിയതുറ ഫെറോന**

വലിയവേളി ഇടവകയിൽ സമിതിയോഗം കൂടി. 4-ാം തിയതി അല്മായ ശുശ്രൂഷ പ്രതിനിധികൾ ദിവ്യബലിക്ക് നേതൃത്വം നൽകി. 12-ാം തിയതി സമിതി അംഗങ്ങൾ വിനോദയാത്ര നടത്തി. KLCA യോഗം കൂടി. 13-ാം തിയതി KLCWA രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. Nurses Forum മീറ്റിംഗ് കൂടി. ഇടവകയിലെ കിടപ്പ് രോഗികളെ സന്ദർശിച്ച് അവർക്ക് വേണ്ട ശുശ്രൂഷ നൽകാൻ തീരുമാനിക്കുകയും രോഗി സന്ദർശനം നടത്തുകയും ചെയ്തു വരുന്നു. ചെറുവെട്ടുകാട്, ചെറിയതുറ എന്നീ ഇടവകയിൽ KLCA രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളെ തെരഞ്ഞെടുത്തു. വലിയവേളി, കൊച്ചുതോപ്പ് ഇടവകയിൽ KLCWA രൂപീകരിച്ച് ഭാര

വാഹികളെ തെരഞ്ഞെടുത്തു. വലിയതുറ ഇടവകയിൽ സമിതി യോഗം കൂടി. വലിയതുറ ഇടവകയിലെ കുരിശടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ ഇടവകകളിലും ഭക്തസംഘടനകളുടെ പ്രവർത്തനം സജീവമായി നടന്നു വരുന്നു. വലിയതുറ ഫെറോനയിലെ എല്ലാ ഇടവകയിലെയും ഇടവകവികാരിമാരെയും, കൺവീനർമാരെയും സന്ദർശിക്കുകയും ഓരോ ഇടവകയിലും പ്രവർത്തിച്ചുവരുന്ന ഭക്തസംഘടനകളുടെ ലിസ്റ്റ് ശേഖരിച്ചു അതിരൂപത ഓഫീസിൽ എത്തിച്ചു.

**കോവളം ഫെറോന**

കോവളം ഫെറോനയിൽ ഇടവക വികാരിമാരുടെ അദ്ധ്യക്ഷതയിൽ വിഴിഞ്ഞം, പാലപ്പൂര്, പൂങ്കുളം, കക്കാമൂല, വവ്വാമൂല, പരുത്തിക്കുഴി എന്നീ 6 ഇടവകകളിൽ KLCA ഇലക്ഷൻ നടത്തി. 17-ാം തിയതി വിഴിഞ്ഞം ഇടവകയിൽ KLCA യൂണിറ്റ് മീറ്റിംഗ് കൂടി. 4-ാം തിയതി വിഴിഞ്ഞം ഇടവകയിൽ സംയുക്ത സഭയുടെ മീറ്റിംഗ് കൂടി. പൂന്തുറ, പെരിങ്ങമല, ആഴാകുളം, പൊന്നുമംഗലം, കാരക്കാമണ്ഡപം എന്നീ ഇടവകകളിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ നടന്നു കൊണ്ടിരിക്കുന്നു.16-ാം തിയതി വിഴിഞ്ഞം ഇടവകയിൽ അല്മായ ശുശ്രൂഷയുടെ യൂണിറ്റ് മീറ്റിംഗ് കൂടി.

**പുല്ലുവിള ഫെറോന**

തെരഞ്ഞെടുപ്പിന്റെ ഭാഗമായി എല്ലാ ഇടവകകളിലും സർക്കുലർ നൽകുകയുണ്ടായി. KLCA, KLCWA രൂപീകരിക്കുന്നതിനായി എല്ലാ ഇടവകകളും സന്ദർശിച്ച് മെമ്പർഷിപ്പ് ക്യാമ്പയിൽ നടത്തണമെന്നും ഭാരവാഹികളെ തെരഞ്ഞെടുക്കണമെന്നും അറിയിച്ചു. ഭക്തസംഘടനകളുടെ ലിസ്റ്റ് ശേഖരിച്ചു. കൊല്ലംങ്കോട്, പൂവ്വാർ, പുതിയതുറ, നമ്പ്യാതി എന്നീ ഇടവകകളിൽ KLCA ഇലക്ഷൻ നടന്നു. പുതിയതുറ ഇടവകയിൽ KLCWA രൂപീകരിച്ചു.

**തൂത്തൂർ ഫെറോന**

വള്ളവിള ഇടവകയിൽ ഫാ. റിച്ചാർഡിന്റെ നേതൃത്വത്തിലും മാർത്താണ്ഡത്തുറ ഇടവകയിൽ ഫാ. സുരേഷ് പയസിന്റെ നേതൃത്വത്തിലും നീരോടി ഇടവകയിൽ ഫാ. ക്ലീറ്റസിന്റെ നേതൃത്വത്തിലും പൂത്തുറ ഇടവകയിൽ ഫാ. ബെൻസികറിന്റെ നേതൃത്വത്തിലും ഇരയിമൻതുറ ഇടവകയിൽ ഫാ. അസീസ്സിയുടെ നേതൃത്വത്തിലും ഭക്തസംഘടന ഭാരവാഹികളെ സന്ദർശിക്കുകയും അവർക്ക് ബി.സി.

സി. ഇലക്ഷനുമായി ബന്ധപ്പെട്ട് ഒരു ക്ലാസ് കൊടുക്കുകയും ചെയ്തു. ലീജിയൻ ഓഫ് മേരിയുടെ റിപ്പോർട്ട് മാസത്തിലൊരിക്കൽ എത്തിക്കണമെന്നും മറ്റു ഭക്തസംഘടനകളുടെ റിപ്പോർട്ട് മൂന്നു മാസത്തിലൊരിക്കൽ എത്തിക്കണം എന്നും അറിയിച്ചു.

**ലീജിയൻ ഓഫ് മേരി**

ലീജിയൻ ഓഫ് മേരി തിരുവനന്തപുരം (സൗത്ത്) കമ്മീസിയത്തിന്റെ നവംബർ മാസത്തെ യോഗം 12.11.2022 ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് 9 മണിക്ക് കമ്മീസിയം പ്രസിഡന്റ് ബ്രദർ. എ. ജയിംസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 15 കുരിയാകളിൽ നിന്നും നേരിട്ടുള്ള 10 പ്രസീദിയങ്ങളിൽ നിന്നുമായി 60 അംഗങ്ങൾ പങ്കെടുത്തു. ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. മൈക്കൾ തോമസ് പ്രഭാഷണം നടത്തി. വിഴിഞ്ഞം, തൂത്തൂർ, അഞ്ചുതെങ്ങ്, പരുത്തിയൂർ കുരിയാകളിൽ നിന്നും, കന്യകകളുടെ രാജ്ഞി കിള്ളിപ്പാലം പ്രസീദിയത്തിൽ നിന്നും മുഴുവൻ ഭാരവാഹികളും ഹാജരായിരുന്നു. കാരയ്ക്കാമണ്ഡപം സെന്റ് ആന്റെണീസ് ദൈവാലയത്തിൽ “പ്രസാദവര മാതാ” എന്ന പേരിൽ ഒരു പുതിയ പ്രസീദിയം സ്ഥാപിക്കുകയുണ്ടായി. അതിന്റെ വിജയത്തിനായി പ്രാർഥിച്ചു. സെനാത്തൂസിന്റെ 2022 സെപ്തംബർ മാസത്തെ റിപ്പോർട്ട് ലഭിക്കുകയുണ്ടായി. റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ കമ്മീസിയം വൈസ് പ്രസിഡന്റ് ബ്രദർ. എൻ. ക്രിസ്തുദാസ് അവതരിപ്പിക്കുകയുണ്ടായി. ഇരവിപുത്തൻതുറ കുരിയായുടെ 01.01.2021 മുതൽ 30.09.2022 വരെയുള്ള പ്രവർത്തന റിപ്പോർട്ട് ലഭിച്ചു. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന കുരിയായെ അംഗങ്ങൾ അഭിനന്ദിച്ചു. 30.10.2022 ലെ ജപമാല റാലിയെക്കുറിച്ച് വിലയിരുത്തുകയുണ്ടായി. ചില ന്യൂനതകൾ ഉണ്ടായിരുന്നുവെങ്കിലും റാലി വൻ വിജയമായിരുന്നു എന്ന് പൊതുവേ അഭിപ്രായപ്പെട്ടു.

**KLCA പ്രവർത്തന റിപ്പോർട്ട്**

ഇടവകതല KLCA മെമ്പർഷിപ്പും ഇലക്ഷനും നടന്നു വരികയാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി എല്ലാ ഫെറോനകളിലും KLCA യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. വിപുലമായി യൂണിറ്റുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ നടന്നു

സമന്വയ

വരുന്നു. വിഴിഞ്ഞം സമരവും KLCA ഇലക്ഷനുമായി ബന്ധപ്പെട്ട് 10.11.2022 -ൽ അല്മായ ശുശ്രൂഷാ ഡയറക്ടറുടെ സാന്നിധ്യത്തിൽ KLCA ഇലക്ഷനു വേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു. 18.11.2022 -ൽ വിഴിഞ്ഞം സമരവേദിയിൽ (മുല്ലൂർ) 3 മണി മുതൽ 8.30 വരെ KLCA സമരത്തിന് നേതൃത്വം നൽകി. പാളയം അല്മായ ശുശ്രൂഷാ കൺവീനർ ഫാ. സെബാസ്റ്റ്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് പാട്രിക് മൈക്കൽ അദ്ധ്യക്ഷത വഹിച്ചു. KLCA ഗോൾഡൻ ജൂബിലിയുടെ ഭാഗമായി നെയ്യാറ്റിൻകര രൂപതയിൽ 19.11.2022 -ൽ നടന്ന സുവർണ്ണ ദീപ്തി സംഗമം 2022 പരിപാടിയിൽ തിരുവനന്തപുരം രൂപതാ KLCA മേനേജിംഗ് കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. നെയ്യാറ്റിൻകരയിൽ വച്ച് നടന്ന KLCA സംസ്ഥാന മേനേജിംഗ് കൗൺസിൽ യോഗത്തിലും പങ്കെടുത്തു.

**ഫാ. മൈക്കിൾ തോമസ്**
**ഡയറക്ടർ**

-----------------